Tony Pearce

# അന്ത്യ നാളുകൾക്ക് വെളിച്ചം

ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

ഒക്ടോബർ 2024

# യിസ്രായേലിന്റെ പ്രത്യാശ

הַתִּקְוָה

כָּל עוֹד בַּלֵּבָב פְּנִימָה,
נֶפֶשׁ יְהוּדִי הוֹמִיָּה.
וּלְפַאֲתֵי מִזְרָח קָדִימָה
עַיִן לְצִיּוֹן צוֹפִיָּה.
עוֹד לֹא אָבְדָה תִּקְוָתֵנוּ,
הַתִּקְוָה בַּת שְׁנוֹת אַלְפַּיִם,
לִהְיוֹת עַם חָפְשִׁי בְּאַרְצֵנוּ,
אֶרֶץ צִיּוֹן וִירוּשָׁלָיִם.

**യി**സ്രായേലിന്റെ ദേശീയ ഗാനമാണ് ഹത്തീക്വാ. അതിന്റെ അർത്ഥം 'പ്രത്യാശ' എന്നാണ്. ഇതിന്റെ വരികൾ 1886-ൽ നാഫ്ത്താലി ഹെർസ് ഇമ്പർ എന്ന ഇംഗ്ലീഷ് കവിയാണ് എഴുതിയത്. അദ്ദേഹം ബോഹീമിയാ നിവാസിയായിരുന്നു. ഇംഗ്ലീഷിൽ ഇതിന്റെ സംഗീതം രചിച്ചത് മോൾഡോവയിൽ നിന്നുള്ള കുടിയേറ്റക്കാരൻ സാമുവൽ കോഹൻ ആണ്.

'ഹൃദയത്തിന്റെ ഉള്ളിൽ യെഹൂദ ആത്മാവ് കൊതിയോടെ കണ്ണുകൾ കിഴക്കോട്ട് ഉയർത്തുന്നു, സീയോനിലേക്ക് നോക്കുന്നു, ഞങ്ങളുടെ പ്രത്യാശ - രണ്ടായിരം വർഷത്തിന്റെ പ്രത്യാശ - അവസാനിക്കില്ല: സീയോന്റെയും യെരൂശലേമിന്റെയും ദേശത്ത്, ഞങ്ങളുടെ ദേശത്ത് സ്വതന്ത്ര ജനതയാവാനുള്ള പ്രത്യാശ.'

1948-ൽ യിസ്രായേൽ രാഷ്ട്രത്തിന്റെ സ്ഥാപനത്തിനും 1967-ലെ ആറുദിവസ യുദ്ധത്തിനും ശേഷം യെരൂശലേമിന്റെ പുനരേകീകരണത്തോടെയും സീയോന്യ സ്വപ്നത്തിന്റെ നിവർത്തീകരണം നടന്നു. കൂടുതൽ മെച്ചപ്പെട്ട സന്നാഹങ്ങളും വലിയ സൈന്യങ്ങളും ഉള്ള അറബി സൈന്യങ്ങൾക്ക് മേലുള്ള യിസ്രായേലിന്റെ വിജയത്തെ ചില യെഹൂദരും

## ഉള്ളടക്കം

യിസ്രായേലിന്റെ പ്രത്യാശ ........ 1

അർദ്ധരാത്രിക്ക് തൊണ്ണൂറു നിമിഷങ്ങൾ മാത്രം! ........ 9

മരണത്തിനുശേഷം എന്തു സംഭവിക്കുന്നു? ........ 13

പാശ്ചാത്യ സമൂഹത്തിന്റെ അടിസ്ഥാനങ്ങൾ ആർക്ക് നന്നാക്കാനാകും? ........ 19

കാലത്തിന്റെ അടയാളങ്ങൾ ........ 25

ക്രൈസ്തവരും കാണുന്നത് യിസ്രായേലിന് ദൈവത്തിന്റെ പ്രീതി ലഭിച്ചതിന്റെ തെളിവായിട്ടും ബൈബിളിലെ പുരാതന പ്രവചനങ്ങളുടെ നിവൃത്തിയായിട്ടുമാണ്. യിരെമ്യാവ് 31:10–ൽ നാം വായിക്കുന്നു, *'ജാതികളേ, യഹോവയുടെ വചനം കേൾപ്പിൻ! ദൂര ദ്വീപുകളിൽ അതിനെ പ്രസ്താവിപ്പിൻ! യിസ്രായേലിനെ ചിതറിച്ചവൻ അവനെ കൂട്ടിച്ചേർത്തു, ഒരിടയൻ തന്റെ കൂട്ടത്തെ കാക്കുന്നതുപോലെ അവനെ കാക്കും എന്നു പറവിൻ.'*

യെഹെസ്കേൽ 36:24–28 ലോകമൊട്ടാകെ ചിതറിപ്പോയ യെഹൂദ ജനതയെ യിസ്രായേൽ ദേശത്തിൽ വീണ്ടും കൂട്ടിച്ചേർക്കുന്നതിനെപ്പറ്റി പ്രവചിക്കുന്നു. യിസ്രായേലിന്റെ ആത്മീയ പുനഃസ്ഥാപനത്തിന്റെ പ്രക്രിയയിലെ ആദ്യത്തെ ഘട്ടമാണിത്: *"ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽനിന്നു കൂട്ടി സകല ദേശങ്ങളിൽനിന്നും നിങ്ങളെ ശേഖരിച്ചു സ്വന്തദേശത്തേക്കു വരുത്തും. ഞാൻ നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും; നിങ്ങൾ നിർമ്മലരായി തീരും, ഞാൻ നിങ്ങളുടെ സകല മലിനതയെയും സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും. ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തു നിങ്ങൾ പാർക്കും; നിങ്ങൾ എനിക്കു ജനമായും ഞാൻ നിങ്ങൾക്കു ദൈവമായും ഇരിക്കും.'*

യിസ്രായേലിന്റെ ഭൗതികമായ പുനഃസ്ഥാപനം പത്തൊമ്പതാം നൂറ്റാണ്ടിലെ ആലിയ പ്രസ്ഥാനത്തോടെ ആരംഭിച്ചു. പാലസ്തീനിൽ യെഹൂദ കുടിയേറ്റ ഗ്രാമങ്ങൾ സ്ഥാപിച്ചുകൊണ്ട് ആരംഭിച്ച ആ പ്രക്രിയ 1948–ൽ യെഹൂദ രാഷ്ട്രത്തിന്റെ പിറവിയോടെ പൂർണ്ണമായി. അതിനുശേഷം, യിസ്രായേൽ ആശ്ചര്യപ്പെടുത്തുന്ന നേട്ടങ്ങളാണ് കൈവരിച്ചത്. ഒരിക്കൽ തരിശു ഭൂമിയായിരുന്ന ഈ പ്രദേശത്തെ ആധുനിക രാഷ്ട്രമായി മാറ്റിയെടുത്തു. ആധുനിക നഗരങ്ങളും നൂതനമായ സാങ്കേതിക വിദ്യകളും വൈദ്യശാസ്ത്രവും കൃഷിയും, മരുഭൂമിയെ റോസാതോട്ടം പോലെയാക്കി. ബൈബിളിലെ പ്രവചന പ്രകാരം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് യെഹൂദർ അവരുടെ പുരാതന മാതൃഭൂമിയിലേക്ക് വീണ്ടും കൂടിച്ചേർന്നു. യിസ്രായേലിനെ ഉന്മൂലനം ചെയ്യാനുള്ള, ചുറ്റുമുള്ള അറബ് സൈന്യത്തിന്റെ ശ്രമങ്ങളെ രാജ്യം നിഷ്ഫലമാക്കി. ഇപ്പോൾ യിസ്രായേൽ, ഈജിപ്റ്റുമായും ജോർദാനുമായും, അബ്രാഹാമിക ഉടമ്പടിയിലൂടെ ഗൾഫിലെ അറബ് രാജ്യങ്ങളുമായും സമാധാന സഖ്യത്തിലാണ്. യിസ്രായേലി അറബി വംശജർക്ക് ദേശത്തിലെ മറ്റു പൗരന്മാരെപ്പോലെ പൂർണ്ണമായ അവകാശങ്ങൾ ഉണ്ട്. യെഹൂദ ജനതയോടൊപ്പം സമാധാനത്തിൽ ജീവിക്കാൻ ആഗ്രഹം കാണിക്കുന്നവർക്ക് പശ്ചിമേഷ്യയിലെ ഒരേയൊരു ജനാധിപത്യത്തിൽ ജീവിക്കാനുള്ള സൗഭാഗ്യം ലഭിക്കുന്നു.



യിസ്രായേൽ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട ഭീഷണി വരുന്നത് ഇറാനിൽ നിന്നാണ്. യിസ്രായേലിന്റെ നാശത്തിനായി അവർ മുറവിളി കൂട്ടുന്നു. യിസ്രായേലിനെതിരെ ഉപയോഗിക്കാനുള്ള മിസൈലും ആളില്ലാ വിമാനങ്ങളും അവർ നിർമ്മിക്കുന്നു. മാത്രമല്ല, അവർ ആണവ ബോംബ് വികസിപ്പിക്കുന്നു. ഇറാൻ, ഗാസയിലും ലെബനനിലും യെമനിലും ഇറാക്കിലും അതിന്റെ നിഴൽ സംഘങ്ങളെ ഉപയോഗിച്ചുകൊണ്ട് യിസ്രായേലിന് ചുറ്റും അഗ്നിയുടെ വലയം സൃഷ്ടിച്ചിരിക്കുന്നു. അവരുടെ സ്വന്തം സേനയെ സിറിയയിലും വിന്യസിച്ചിരിക്കുന്നു. ലെബനനിലെ ഹിസ്ബുള്ളയ്ക്ക് ഇറാൻ 150,000 മിസൈലുകൾ നൽകി. അതിൽ മിക്കതും യിസ്രായേലിൽ എവിടെയും പതിക്കാൻ പാകത്തിലുള്ളതാണ്. ഗാസ യുദ്ധം ആരംഭിച്ചതിനുശേഷം ഹിസ്ബുള്ളയിൽ നിന്നുള്ള അക്രമണം യിസായേലിന്റെ വടക്കൻ പ്രദേശങ്ങളെ ആൾവാസമില്ലാതാക്കി. പട്ടണങ്ങളും ജനവാസമേഖലകളും ശൂന്യമായി. ഏകദേശം 60000 യിസ്രായേൽ പൗരന്മാർ തങ്ങളുടെ വീടുകൾ ഉപേക്ഷിച്ച് പോയി. അവിടേക്ക് മടങ്ങിവരില്ലെന്ന് അതിൽ നിരവധി ആളുകൾ പറയുന്നു.

ഈ സാഹചര്യത്തിൽ യിസ്രായേൽ അശക്തരല്ല. അതിനൂതനവും കാര്യക്ഷമവുമായ മിസൈൽ വിരുദ്ധ സംവിധാനങ്ങൾ അവർക്കുണ്ട്. തങ്ങളെ അക്രമിക്കുന്നതിൽ നിന്ന് ശത്രുവിനെ തടയുന്ന അതിശക്തമായ സന്നാഹങ്ങൾ യിസ്രായേലിനുണ്ട്. എന്നിരുന്നാലും, യിസ്രായേലിന്റെ പക്കലുള്ള വിഭവങ്ങൾ അനന്തമല്ല. യിസ്രായേലും ഇറാനും അല്ലെങ്കിൽ ഹിസ്ബുള്ളയും തമ്മിലുള്ള പൂർണ്ണതോതിലുള്ള ഒരു യുദ്ധം വിനാശകരമായ അനന്തരഫലങ്ങളാകും സമ്മാനിക്കുക.

ലോകശക്തികൾ, പ്രത്യേകിച്ച് അമേരിക്കയും ഐക്യരാഷ്ട്ര സഭയും സമാധാന ശ്രമങ്ങൾ നടത്തിവരുന്നു. അതിന്റെ ലക്ഷ്യം 'ദ്വിരാഷ്ട്ര പരിഹാര'മാണ്. അതിന്റെ അർത്ഥം യിസ്രായേലിനൊപ്പം കിഴക്കൻ യെരൂശലേം ഉൾപ്പെടെ ഇപ്പോഴത്തെ പശ്ചിമതീരം, ഗാസ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു പാലസ്തീൻ രാജ്യം സ്ഥാപിക്കുകയെന്നതാണ്. യെഹൂദ്യ, ശമര്യ ഉൽപ്പെടുന്ന പ്രദേശങ്ങൾ ഇതിൽ വരുമെന്നാണ്. ഇത് ബൈബിൾ അധിഷ്ഠിത യിസ്രായേലിന്റെ ഹൃദയ ഭൂമിയാണ്. യഥാർത്ഥ സമാധാനത്തിലേക്ക് ഇത് നയിക്കില്ലെന്ന് യിസ്രായേലിന്റെ സർക്കാർ ഭയക്കുന്നു. യെഹൂദ രാഷ്ട്രത്തെ ഇല്ലാതാക്കുക എന്ന അത്യന്തിക ലക്ഷ്യത്തോടെ കൂടുതൽ ആക്രമണങ്ങൾ സംഘടിപ്പിക്കാനുള്ള താവളമായി പുതിയ പാലസ്തീൻ രാജ്യത്തെ ഉപയോഗിക്കുമെന്നും അവർ ഭയക്കുന്നു.

ഇതെല്ലാം കാരണം, 'ഹത്തീക്വാ', അഥവാ പ്രത്യാശ ഇല്ലാതാവുകയാണ്. ലോകവും, ദൈവം പോലും തങ്ങളെ ഉപേക്ഷിച്ചെന്ന് നിരവധി യിസ്രായേലികൾക്ക് തോന്നുന്നു. 'ഇതിന്റെയെല്ലാം നടുവിൽ ദൈവം എവിടെയാണ്' എന്ന ചോദ്യം ഉയരുകയാണ്. 2600 വർഷങ്ങൾക്ക് മുൻപ് പ്രവാചകൻ യിരെമ്യാവിനും സമാനമായ തോന്നൽ ഉണ്ടായി. അതേ ചോദ്യം പ്രവാചകനും ചോദിച്ചു: ***'യഹോവ, ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങൾക്കു വിരോധമായി സാക്ഷീകരിക്കുന്നു എങ്കിൽ നിന്റെ നാമം നിമിത്തം പ്രവർത്തിക്കേണമേ; ഞങ്ങളുടെ പിന്മാറ്റങ്ങൾ വളരെയാകുന്നു; ഞങ്ങൾ നിന്നോടു പാപം ചെയ്തിരിക്കുന്നു. യിസ്രായേലിന്റെ പ്രത്യാശയും കഷ്ടകാലത്തു അവന്റെ രക്ഷിതാവും ആയുള്ളോവേ, നീ ദേശത്തു പരദേശിയെപ്പോലെയും ഒരു രാപാർപ്പാൻ മാത്രം കൂടാരം അടിക്കുന്ന വഴിപോക്കനെപ്പോലെയും ആയിരിക്കുന്നതെന്തു? ഭ്രമിച്ചുപോയ പുരുഷനെപ്പോലെയും രക്ഷിപ്പാൻ***

***കഴിയാത്ത വീരനെപ്പോലെയും ആയിരിക്കുന്നതെന്തു? എന്നാലും യഹോവേ, നീ ഞങ്ങളുടെ മദ്ധ്യേ ഉണ്ടു; നിന്റെ നാമം ഞങ്ങൾക്കു വിളിച്ചിരിക്കുന്നു; ഞങ്ങളെ ഉപേക്ഷിക്കരുതേ'*** (യിരെ. 14:7-9).

## യിസ്രായേലിന്റെ പ്രത്യാശയും മശിഹായും

യഥാസ്ഥിതികരായ നിരവധി യെഹൂദന്മാർ വിശ്വസിക്കുന്നത്, മശിഹാ വരുമെന്നും യിസ്രായേലിൽ സമാധാനവും പ്രത്യാശയും കൊണ്ടുവരുമെന്നുമാണ്. റബ്ബി കപ്ലാൻ, തന്റെ *'യഥാർത്ഥ മശിഹാ'* എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതുന്നു: 'മശിഹായെപ്പറ്റിയുള്ള യെഹൂദ ചിന്താഗതി വ്യക്തമായും വികസിപ്പിച്ചിരിക്കുന്നത് ബൈബിളിലെ പ്രവാചകന്മാർ ആണ്. അവിടുന്ന് യെഹൂദന്മാരുടെ നേതാവ് ആയിരിക്കും. ജ്ഞാനത്തിലും ശക്തിയിലും ആത്മാവിലും താൻ ശക്തനായിരിക്കും. യെഹൂദ ജനതയുടെ സമ്പൂർണ്ണ ആത്മീയ ഭൗതിക വീണ്ടെടുപ്പ് അവിടുന്ന് ആയിരിക്കും കൊണ്ടുവരുന്നത്. അതിനോടൊപ്പം, മശിഹാ ലോകത്താകമാനം നിത്യസമാധാനവും സ്നേഹവും സമൃദ്ധിയും തികഞ്ഞ ധാർമ്മികതയും കൊണ്ടുവരും. യെഹൂദ മശിഹാ മനുഷ്യനിൽ നിന്നായിരിക്കും ഉത്ഭവിക്കുന്നത്. സാധാരണ മാനുഷിക മാതാപിതാക്കൾ തനിക്ക് ജന്മം നൽകും. എല്ലാ മനുഷ്യരെയും പോലെ അവിടുന്ന് രക്തവും മാംസവും കൊണ്ടുള്ളവനായിരിക്കും.'

ഈ പ്രസ്താവനയെ സംബന്ധിച്ച് നാം ഒരു യുക്തിസഹമായ ചോദ്യം ചോദിക്കുക. തീർത്തും മനുഷ്യനായ ഒരു വ്യക്തിത്വം, നശ്വരനായതുകൊണ്ട് മരണത്തിനു കീഴടങ്ങുന്നവൻ എങ്ങനെയാണ് ലോകത്തിൽ നിത്യസമാധാനവും സ്നേഹവും സമൃദ്ധിയും തികഞ്ഞ ധാർമ്മികതയും കൊണ്ടുവരുന്നത്? അവസാനത്തെ ഈ വാചകം മശിഹാ എന്ന നിലയിൽ യേശുവിനെ തിരസ്കരിക്കുന്നു. പുതിയ നിയമ ആശയപ്രകാരം മശിഹാ ദൈവപുത്രനാണ്, നിത്യനായ ഒരു ദൈവീക വ്യക്തിത്വം.

യേശുവിനെ മശിഹാ എന്ന നിലയിൽ സമാനമായി തിരസ്കരിക്കുന്നത് ആഷേർ നോർമന്റെ *'ജൂതർ യേശുവിനെ സ്വീകരിക്കാതിരിപ്പാൻ 26 കാരണങ്ങൾ എന്ന പുസ്തകത്തിൽ'* കാണാൻ കഴിയും. മശിഹാനിവർത്തിക്കേണ്ട ആറു ദൗത്യങ്ങളെപ്പറ്റി അത് പ്രസ്താവിക്കുന്നു:

1. ദാവീദ് രാജാവിന്റെയും ശലോമോൻ രാജാവിന്റെയും പരമ്പരയിൽ പെട്ടതാണെന്ന് കൃത്യമായ വംശാവലി വേണം.
2. യിസ്രായേൽ രാജാവായി അഭിഷേകം ചെയ്യപ്പെടണം.
3. യെഹൂദ ജനതയെ യിസ്രായേലിലേക്ക് മടക്കി കൊണ്ടുവരണം.
4. യെരൂശലേമിലെ മന്ദിരം പുനർ നിർമ്മിക്കണം.
5. ലോകത്തിൽ സമാധാനം കൊണ്ടുവന്ന് യുദ്ധം നിർത്തൽ ചെയ്യണം.
6. ലോകത്തിൽ ദൈവീക പരിജ്ഞാനം കൊണ്ടുവരണം.

ആഷേർ നോർമൻ പറയുന്നതനുസരിച്ച് ഈ ആറു കാര്യങ്ങൾ നിവർത്തിക്കാത്ത ഒരാൾക്ക് മശിഹാ ആകാൻ കഴിയില്ല. അതുകൊണ്ട് യേശു, മശിഹാ അല്ല. മശിഹാ എന്നാണ് വരുന്നതെന്ന് നമുക്ക് അറിയാമെന്ന് അദ്ദേഹം പറയുന്നു. ഇതെല്ലാം നിവർത്തിക്കുമ്പോൾ മശിഹാ വന്നെന്ന് മനസിലാക്കാം. അദ്ദേഹം മൈമോണിദസിന്റെ (1135 മുതൽ 1204 കാലയളവിൽ ജീവിച്ചു) ഉപദേശം പിൻതുടരുകയാണ്. ഈ ദൗത്യങ്ങൾ നിവർത്തിച്ചുകൊണ്ട് താൻ മശിഹാ ആണെന്ന് മശിഹാ കാണിക്കേണ്ടിയിരിക്കുന്നു. അതിന്റെ ഫലമായി മശിഹാ പുതുക്കം പ്രാപിച്ച ഒരു ലോകം കൊണ്ടുവരും: 'അപ്പോൾ

അവൻ മുഴുലോകത്തെയും പൂർണ്ണത യുള്ളതാക്കും. ദൈവത്തെ ഒരുമിച്ചു സേവിക്കാൻ അവൻ എല്ലാ രാഷ്ട്രങ്ങ ളെയും പ്രചോദിപ്പിക്കും. കാരണം, ഇങ്ങനെ എഴുതിയിരിക്കുന്നു, ഞാൻ അവരുടെ വാക്കുകളെ ശുദ്ധീകരിക്കും. അതിനാൽ, അവർ എല്ലാവരും ദൈവ ത്തിന്റെ നാമം വിളിച്ചപേക്ഷിക്കുകയും ഒരേ ഉദ്ദേശ്യത്തോടെ അവനെ സേവി ക്കുകയും ചെയ്യും. *'ജൂതർ യേശുവിനെ വിശ്വസിക്കാത്തതിന് 26 കാരണങ്ങൾ'* 'മൈമോനിദസ്' 'ഹിൽചോസ് മെലാ ക്കിം 11:1, മിഷ്ന തോറയിൽ നിന്ന് എടു ത്തത്.

ആഷേർ നോർമന്റെ '26 റീസൺസ് വൈ ജ്യൂവ്സ് ഡോണ്ട് ബിലിവ് ഇൻ ജീസസ്' പുസ്തകത്തിന്റെ ഉത്തരങ്ങ ൾക്ക് www.messiahfactor.com -ൽ 'ആഷേറിനു മറുപടി' കാണുക.

## ഇത് സംഭവിക്കുമോ?

തീർത്തും മർത്യനായ ഒരാൾക്ക് തന്റെ ആയുസ്സിൽ ഇത് നിവർത്തിക്കാനുള്ള ഒരു സാധ്യതയും ഇല്ലെന്ന് നാം പറയേ ണ്ടിയിരിക്കുന്നു. ലോകം മിക്കവാറും ഇപ്പോൾ യിസ്രായേലിനെ നശിപ്പിക്കാനും ലോകത്തെമ്പാടുമുള്ള യെഹൂദ ജന തയുടെ മറ്റൊരു ചിതറിപ്പോകലിനും വേണ്ടി കാത്തിരിക്കുകയാണ്. ഇപ്പോ ഴത്തെ സാഹചര്യത്തിൽ, അൽഅക്സ പള്ളിയും പാറയിലെ താഴികക്കുടവും സ്ഥിതി ചെയ്യുന്ന ദൈവാലയ മലയിൽ മന്ദിരം നിർമ്മിക്കാനുള്ള ഏതെങ്കിലും ശ്രമം നടന്നാൽ വലിയ ആക്രമണം നട ത്താൻ മുസ്ലിം ലോകത്തെ അത് പ്രേരി പ്പിക്കും. യെഹൂദർക്ക് എതിരായി വലിയ രീതിയിൽ കൊടിയ വെറുപ്പ് അടിഞ്ഞുകൂടുന്ന പശ്ചിമേഷ്യയിൽ ഏതെങ്കിലും യെഹൂദന് യെഹൂദ രെയും അറബികളെയും സമാധാന ത്തിൽ ഒരുമിപ്പിക്കാൻ ഒരു കാരണവ ശാലും കഴിയില്ല. അതോടൊപ്പം, ഭയ പ്പെടുത്തുന്ന മിസൈലുകളും നശീക രണ ആയുധങ്ങളും മൂലം ലോകം വലിയ സംഘർഷങ്ങളാൽ ചിന്നഭിന്ന മാവുകയാണ്. ഇത് വലിയ രീതിയിൽ മനുഷ്യരെ ദുരിതത്തിലാക്കുന്നു.

കുറിപ്പ് : ഒരു താത്കാലിക സമാധാന ഉടമ്പടിയെപ്പറ്റിയും ഈ യുഗത്തിന്റെ അവസാന ദിനങ്ങളിൽ മന്ദിരത്തിലെ ആരാധന പുനഃസ്ഥാപിക്കപ്പെടുന്നതി നെക്കുറിച്ചും ബൈബിൾ സൂചിപ്പി ക്കുന്നു. ദാനി. 9: 27, യെശ. 28:14–22, യെശ. 66:1–6 എന്നീ വേദഭാഗങ്ങൾ കാ ണുക. എന്നാൽ, ഇത് നിവർത്തീകരി ക്കുന്നത് വ്യാജ മശിഹായായ എതിർ ക്രിസ്തുവാണ്. അത് പരാജയത്തിലും ദുരന്തത്തിലും അവസാനിക്കും.

റബ്ബിമാർ സംസാരിക്കുന്ന നിത്യസമാ ധാനവും സ്നേഹവും സൃഷ്ടിക്കാൻ, യിസ്രായേൽ കാത്തിരിക്കുന്ന പ്രത്യാശ, മഹാനായ ഒരു മനുഷ്യനേക്കാൾ ഉയ രത്തിലായിരിക്കണം. ദൈവത്തിന്റെ സർവ്വശക്തിയുമുള്ള ഒരു വ്യക്തി ആയിരിക്കണം അവിടുന്ന്. മനുഷ്യർ വരുത്തിവച്ച കുഴപ്പങ്ങൾ പരിഹരി ക്കാൻ വരുന്ന ദൈവിക വ്യക്തിത്വ മാണ് മശിഹാ.

മശിഹാ മനുഷ്യനേക്കാളും ഉയർന്ന അവസ്ഥയിൽ ആണെന്നും യഥാർത്ഥ ത്തിൽ ദൈവിക വ്യക്തിത്വം ആണെന്നും പറയുന്ന പ്രവചനങ്ങൾ എബ്രായ തിരിവെഴുത്തുകളിൽ ഉണ്ട്. ഉദാഹരണ ത്തിന്, യെശ. 9:26–27.

***'നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരി ക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവനു അത്ഭു തമന്ത്രി, വീരനാം ദൈവം, നിത്യപി താവ്, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യ ത്തിന്റെ വർദ്ധനെക്കും സമാധാന ത്തിനും അവസാനം ഉണ്ടാകയില്ല; ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ***

***സ്ഥാപിച്ചു നിലനിർത്തും; സൈന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെ നിവർത്തിക്കും.'***

സെഖ. 14, അവസാനത്തെ യുദ്ധത്തെപ്പറ്റിയും യിസ്രായേലിനെ രക്ഷിക്കാൻ മശിഹാ വരുന്നതിനെപറ്റിയും വിവരിക്കുന്നു: ***'എന്നാൽ യഹോവ പുറപ്പെട്ടു, താൻ യുദ്ധ ദിവസത്തിൽ പൊരുതതുപോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവു മലയിൽ നില്ക്കും; ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും... എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകല വിശുദ്ധന്മാരും വരും... യഹോവ സർവ്വഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും.'***

ഈ വേദഭാഗങ്ങളിൽ, യിസ്രായേലിനെ അവരുടെ ശത്രുക്കളിൽ നിന്ന് രക്ഷിക്കാനും, ലോകമൊട്ടാകെയുള്ള മശിഹൈക രാജ്യം ഭരിക്കാനും വരുന്ന ഒരുവന് കൊടുത്തിരിക്കുന്ന പേരുകൾ 'വീരനാം ദൈവം', 'എന്റെ ദൈവമായ യഹോവ' എന്നാണ്. അവിടുത്തെ രാജ്യത്തിന് അന്തമില്ല. എല്ലാ മാനുഷിക ഭരണകൂടങ്ങളും അത്യന്തികമായി അവസാനിക്കും. ദൈവത്തിന്റെ രാജ്യത്തിന് ഒരു അന്തവുമില്ല. സെഖര്യാവിന്റെ പ്രവചനത്തിൽ യഹോവയായ ദൈവം ഒലിവ് മലയിൽ കാൽ കുത്തും (ഒരു പക്ഷേ ശരീരത്തിന്റെ ബാക്കി ഭാഗവും). താൻ യെരൂശലേമിനുമേലുള്ള യുദ്ധം അവസാനിപ്പിക്കുകയും മശിഹൈക / സഹസ്രാബ്ദ ഭരണം സ്ഥാപിക്കുകയും ചെയ്യും. എബ്രായ ബൈബിളിൽ ദൈവത്തെപ്പറ്റി പറയാൻ ഈ വേദഭാഗം ഏറ്റവും ശക്തമായ പ്രയോഗങ്ങൾ ഉപയോഗിക്കുന്നു. കൂടാതെ, ആ സമയത്ത് ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന ഒരുവനിൽ പൂർണ്ണമായ ദൈവത്വം ഉണ്ടായിരിക്കുമെന്ന് ഈ വേദഭാഗങ്ങൾ സൂചിപ്പിക്കുന്നു.

നസ്രെത്തിലെ യേശുവെന്നെ വ്യക്തിയെക്കുറിച്ച്, യേശു മശിഹായെക്കുറിച്ച്, പുതിയ നിയമം ഈ വസ്തുതകൾ അവകാശപ്പെടുന്നു: ***'ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല'*** (യോഹ. 1 :1 –3). ***'വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു'*** (യോഹ. 1 :14).

'വചനം' എന്ന ഒരുവൻ മുഖാന്തരം ആണ് ദൈവം ലോകം സൃഷ്ടിച്ചത്. അവനെ നിർവചിച്ചിരിക്കുന്നത് ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു എന്നാണ്. സകലവും അവൻ മുഖാന്തരം ഉളവായി. അവന്റെ വചനത്താൽ സകലവും ഉളവായി. അതിനുശേഷം യോഹന്നാൻ പറയുന്നത് വചനം ജഡമായി നമ്മുടെ ഇടയിൽ പാർത്തെന്നാണ്. അതിന്റെ അർത്ഥം അവിടുന്ന് മനുഷ്യരൂപം എടുത്തു, മാത്രമല്ല, താൻ ദൈവത്തിന്റെ അടിസ്ഥാന സ്വഭാവം വഹിച്ചു. ഭൂമിയിലെ അവിടുത്തെ ജീവിതത്തിൽ തന്റെ മഹത്ത്വം മറഞ്ഞിരുന്നു അല്ലെങ്കിൽ മറയ്ക്കപ്പെട്ടിരുന്നു (ഫിലി. 2:5–11). ഒരു ഘട്ടത്തിൽ മറുരൂപമലയിൽ വച്ച് തന്റെ മഹത്ത്വം മറനീങ്ങിയപ്പോൾ ശിഷ്യന്മാർ യേശുവിനെ കണ്ടു (മത്താ. 17:1–9).

യെശയ്യാവ് രണ്ടാം അധ്യായത്തിലും വെളിപ്പാട് 19–20 എന്നീ അധ്യായങ്ങളിലും പ്രവചിച്ചതുപോലെ, ഈ ഒരുവൻ യെരൂശലേമിനുമേലുള്ള യുദ്ധത്തെ നിർത്തൽ ചെയ്യാനും (ഹർമ്മഗെദ്ദോൻ), മശിഹൈക രാജ്യം സ്ഥാപിക്കാനും അന്ത്യനാളുകളിൽ മറയി

ല്ലാത്ത മഹത്ത്വവുമായി ഭൂമിയിലേക്ക് വരും.

## പുതിയ ഉടമ്പടി

മശിഹായുടെ യാഗത്തിലൂടെയാണ് ഈ പുതിയ ഉടമ്പടി നിയമം ഉണ്ടായത്. യേശുവാ / യേശു, 2000 വർഷങ്ങൾക്ക് മുൻപ് ലോകത്തിന്റെ പാപത്തിനായി യാഗമായി മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ അത് സംഭവിച്ചു. അന്ത്യ അത്താഴത്തിൽ, കുരിശിലേക്ക്പോകുന്നതിന് മുൻപ് യേശു ശിഷ്യന്മാരോടൊത്ത് പെസഹാ അത്താഴത്തിന് ഇരുന്നപ്പോൾ, അവിടുന്ന് പെസഹായുടെ ചിഹ്നങ്ങളായ അപ്പവും വീഞ്ഞും എടുത്ത് അവയെ തന്നോടു തന്നെ ഉപമിച്ചു: ***'പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ. ഇതു അനേകർക്കു വേണ്ടി പാപ മോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം; എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും നാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽ നിന്നു ഇനി കുടിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു''*** എന്നു പറഞ്ഞു (മത്താ. 26:27-28).

യിരെമ്യാ പ്രവചനത്തിൽ എഴുതപ്പെട്ട പുതിയ ഉടമ്പടി പ്രകാരം അതിൽ പ്രവേശിക്കുന്നവരുടെ പാപങ്ങൾ മോചിക്കപ്പെടും, അവർ കർത്താവിനെ അറിയും, തന്റെ നിയമം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും. യേശു മശിഹായിലൂടെ ദൈവവുമായി യഥാർത്ഥമായ ബന്ധമുള്ളവർക്ക് ഇതെല്ലാം വാഗ്ദത്തം ചെയ്തിരിക്കുന്നു.

അതുകൊണ്ട്, യെഹൂദ ജനതയുടെ കണ്ണുകളിൽ സർവ്വശക്തൻ മാറ്റം വരുത്താൻ ആഗ്രഹിക്കുന്ന പ്രധാനപ്പെട്ട വസ്തുത മശിഹായുടെ താദാത്മ്യമാണ്. നമ്മെ പാപത്തിൽ നിന്ന് രക്ഷിക്കാനും, യെശയ്യാവ് 53- ലെ കഷ്ടം അനുഭവിക്കുന്ന ദാസനെക്കുറിച്ചുള്ള പ്രവചനം നിവർത്തിക്കാനും യേശു എന്ന ആളത്വത്തിൽ അവിടുന്ന് ഒരിക്കലായിട്ടു വന്നു. ***'അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറെച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി'*** (യെശ. 53: 3-6).


വാഴുന്ന മശിഹായായി, രാജാധിരാജാവായി, കർത്താധികർത്താവായി, സർവ്വശക്തനായ ദൈവമായി യുദ്ധം അവസാനിപ്പിക്കാനും യിസ്രായേലിന്റെ ശേഷിപ്പിനെ കൂട്ടിച്ചേർക്കാനും യെരൂശലേമിൽ സഹസ്രാബ്ദ മന്ദിരം പണിയാൻ പ്രേരിപ്പിക്കാനും മശിഹാ വീണ്ടും വരുന്നു. ആ ദിവസത്തിൽ അവിടുന്ന് യെശയ്യാവ് 2:2-4 വരെയുള്ള പ്രവചനം നിവർത്തിക്കും: ***'അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ***

***ഉന്നതവുമായിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേക വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽനിന്നു ഉപദേശവും യെരൂശലേമിൽനിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു വിധി കല്പിക്കയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല.’***

പുതിയ നിയമത്തിലെ പ്രവൃത്തികളുടെ പുസ്തകത്തിൽ, യെരൂശലേമിൽ വച്ച് യേശുവിനെ മശിഹായായി പ്രഖ്യാപിച്ചതിന് റോമിൽ പൗലൊസിനെ വീട്ടുതടങ്കലിൽ ആക്കിയത് നാം കാണുന്നു (അപ്പൊ. 21-26). റോമിലുള്ള യെഹൂദ സമൂഹത്തിന്റെ പ്രമാണികൾ എല്ലാവരോടുമായി അവൻ പറഞ്ഞു: ***‘യിസ്രായേലിന്റെ പ്രത്യാശ നിമിത്തം ആകുന്നു ഞാൻ ഈ ചങ്ങല ചുമക്കുന്നതു’*** (അപ്പൊ. 28:20).

യിസ്രായേലിന്റെ പ്രത്യാശയാണ് യേശു മശിഹാ. നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കാൻ അവിടുത്തേക്കു മാത്രമേ കഴിയൂ. പശ്ചിമേഷ്യയിലെ പ്രതിസന്ധി പരിഹരിക്കാനും യിസ്രായേലിലും ചുറ്റുമുള്ള അറബ് രാജ്യങ്ങളിലും സമാധാനം കൊണ്ടുവരുവാനും മശിഹായിക്കു മാത്രമേ കഴിയൂ. അവിടുന്ന് അത് ചെയ്യുമ്പോൾ യെശയ്യാവ് 19-ലെ പ്രവചനം നിവർത്തിയാകും: ***‘അന്നാളിൽ മിസ്രയീമിൽനിന്നു അശ്ശൂരിലേക്കു ഒരു പെരുവഴി ഉണ്ടാകും; അശ്ശൂര്യർ മിസ്രയീമിലേക്കും മിസ്രയീമ്യർ അശ്ശൂരിലേക്കും ചെല്ലും; മിസ്രയീമ്യർ അശ്ശൂര്യരോടുകൂടെ ആരാധന കഴിക്കും. അന്നാളിൽ യിസ്രായേൽ ഭൂമിയുടെ മദ്ധ്യേ ഒരു അനുഗ്രഹമായി മിസ്രയീമിനോടും അശ്ശൂരിനോടും കൂടെ മൂന്നാമതായിരിക്കും സൈന്യങ്ങളുടെ യഹോവ അവരെ അനുഗ്രഹിച്ചു; എന്റെ ജനമായ മിസ്രയീമും എന്റെ കൈകളുടെ പ്രവൃത്തിയായ അശ്ശൂരും എന്റെ അവകാശമായ യിസ്രായേലും അനുഗ്രഹിക്കപ്പെടുമാറാകട്ടെ എന്നു അരുളിച്ചെയ്യും’*** (യെശ. 19:23-25).

മറ്റെല്ലാം പരാജയപ്പെടുമ്പോൾ, യിസ്രായേലിനു വേണ്ടി അവശേഷിക്കുന്ന ഏക പ്രത്യാശ യേശു മശിഹായാണ്. പരിപാലിക്കാൻ നമ്മെ ഏൽപ്പിച്ചിരുന്ന ഈ ഭൂമിയിൽ മനുഷ്യരാകുന്ന നാം വരുത്തിവച്ച വിനകൾ പരിഹരിക്കാൻ ഒരിക്കൽ വന്ന യേശു വീണ്ടും വരും.*



# അർദ്ധരാത്രിയിലേക്ക് തൊണ്ണൂറു നിമിഷങ്ങൾ മാത്രം!




രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം, അണു ബോംബ് വികസിപ്പിച്ചെടുത്ത ഒരു കൂട്ടം ശാസ്ത്രജ്ഞർ "നാശദിന ഘടികാരം" (Doomsday clock) എന്ന പേരിൽ ഒരു ചിത്രോപകരണം (graphic instrument) തയ്യാറാക്കി. സകല നാഗരികതകളേയും നശിപ്പിച്ചു കളയുവാൻ പര്യാപ്തമായ അണുയുഗ ആയുധങ്ങളെ ചിത്രീകരിക്കുന്ന ഒരു ദൃശ്യാവിഷ്ക്കാരമാണത്.

1947 - ൽ ആദ്യമായി ഈ ഘടികാരം സ്ഥാപിച്ചപ്പോൾ അർദ്ധരാത്രിക്ക് 7 മിനിറ്റുകളായിരുന്നു. ഈ ഘടികാരത്തിന്റെ സൂചി ഒരോ വർഷവും മാറ്റി വയ്ക്കാറുണ്ട്. അതിനുശേഷം അതിന്റെ സൂചികൾ 8 തവണ പിന്നോട്ടു മാറ്റുകയും 17 പ്രാവശ്യം മുന്നോട്ടു നീക്കുകയും ചെയ്തിട്ടുണ്ട്. മാറിമാറി വരുന്ന അണുവായുധ ഭീഷണിയുടെ ഏറ്റക്കുറച്ചിൽ അനുസരിച്ചാണ് ഘടികാര സൂചികളെ മാറ്റുന്നത്.

റഷ്യ - യുക്രെയിൻ, യിസ്രായേൽ - ഇറാൻ, ചൈന - തയ്‌വാൻ, ദക്ഷിണ കൊറിയ - ഉത്തര കൊറിയ എന്നിവടങ്ങളിലെ സംഘർഷ സാദ്ധ്യതകൾ ഈ സമയത്ത് ലോകത്തിന്റെ സുരക്ഷിതത്വത്തിന് ഭീഷണിയായി നിലകൊള്ളുന്നു. ഈ സാഹചര്യം കണക്കിലെടുത്താണ് ശാസ്ത്രജ്ഞന്മാർ അർദ്ധരാത്രിക്ക് 90 നിമിഷങ്ങൾ എന്ന നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നത്.

വെളിപ്പാടു പുസ്തകത്തിൽ പ്രതിപാദിക്കുന്ന പീഡാകാല (tribulation) അത്യാപത്തുമായി ബന്ധപ്പെട്ട സാഹചര്യങ്ങളാണോ ഇപ്പോൾ വന്നെത്തിയിരിക്കുന്നത് എന്നു ഞാൻ ആലോചിച്ചുപോകുകയാണ്. ബൈബിൾ പ്രവചനങ്ങൾ പ്രത്യക്ഷമായി ഇരുണ്ടുകൂടി വരികയാണോ?

ഈ ലേഖനം എഴുതുമ്പോൾ നാറ്റോ സഖ്യത്തിലെ പ്രമുഖ രാജ്യമായ അമേരിക്ക യുക്രയിനിൽ നിന്നും റഷ്യയ്ക്കെതിരെ മിസൈലുകൾ ഉൾപ്പെടെയുള്ള തങ്ങളുടെ ആയുധങ്ങൾ പ്രയോഗിച്ചു കൊള്ളുവാൻ അനുമതി നൽകിയിരിക്കുന്നു. ഇത് റഷ്യയിലെ വ്ളാഡിമർ പുട്ടിൻ യുക്രയിനിൽ നിന്നും തങ്ങളുടെ സൈന്യങ്ങളെ പിന്മാറ്റിക്കൊണ്ടുപോകാനുള്ള ഒരു സമ്മർദ്ദ തന്ത്രമായിരിക്കാം. നാറ്റോയുടെ ഭാഗത്തു നിന്നും റഷ്യയ്ക്ക് എതിരെ നേരിട്ടുള്ള ഭീഷണിയായിട്ടാണ് പുട്ടിൻ ഈ ഇടപെടലുകളെ വീക്ഷിക്കുന്നത്. ഇതിന് ദുരന്തകരമായ പ്രത്യാഘാതങ്ങൾ

ഉണ്ടാകുമെന്ന് പുട്ടിൻ മുന്നറിയിച്ചിട്ടുണ്ട്. തങ്ങളുടെ സഖ്യരാഷ്ട്രങ്ങൾക്ക് ഈ വിധ യുദ്ധോപകരണങ്ങൾ കൊടുത്ത് നാറ്റോയോടു പകവീട്ടുമെന്നു പറയുന്നു. ഇതിൽ അണുവായുധങ്ങളും അന്തർവാഹിനികളും ഉൾപ്പെടും. പുട്ടിൻ അടുത്തകാലത്ത് ക്യൂബ സന്ദർശിക്കുകയുണ്ടായി.

ചില ആളുകൾ അഭിപ്രായപ്പെടുന്നത്, പുട്ടിൻ വെറുതെ ജല്പനം നടത്തുകയാണെന്നും മുൻകാലത്തും ഇതുപോലെ ചിലമ്പൽ നടത്തിയിട്ടുണ്ടെന്നുമാണ്. മറ്റു ചിലയാളുകൾ പറയുന്നത് പുട്ടിന്റെ ശബ്ദ ശൈലിക്ക് ഇപ്പോൾ വ്യത്യാസം വന്നിട്ടുണ്ട് എന്നത്രേ. അദ്ദേഹം പത്രക്കാരോടു പറഞ്ഞത്, ആളോഹരി വരുമാനത്തിന്റെ 8 % ഇപ്പോൾ യുദ്ധ സാമഗ്രികൾക്കായി മാറ്റിവെച്ചിട്ടുണ്ടെന്നാണ്.

യുക്രയിൻ പ്രസിഡന്റ് സെലൻസ്കിയുടെ ഭാഗത്തുനിന്നും മോഹഭംഗത്തിന്റെയും നിരാശയുടെയും ധ്വനിയാണ് കേൾക്കുന്നത്. റഷ്യയ്ക്ക് അഞ്ചു ലക്ഷം സൈനികരെ നഷ്ടമായി എന്ന് പറയപ്പെടുന്നു. നിർബന്ധിത സൈനിക സേവനത്തിന് ഒന്നര ലക്ഷംപേരെ ചേർത്തുകൊള്ളുവാൻ പുട്ടിൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. നിർബന്ധിത സൈനിക സേവനത്തിൽ നിന്നും രക്ഷപ്പെടുവാനായി പത്തു ലക്ഷം പുരുഷന്മാർ രാജ്യത്തുനിന്നും പലായനം ചെയ്തിട്ടുണ്ടെന്ന് സ്ഥിരീകരിക്കപ്പെടാത്ത റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. യുക്രെയിൻ എന്ന ശത്രുവിനെ അടിയറവ് പറയിച്ചേ അടങ്ങു എന്ന് റഷ്യൻ പ്രസിഡന്റ് വാശിപിടിക്കുന്നു.

മുഖ്യധാരാ മാദ്ധ്യമങ്ങൾ യഥാർത്ഥ സാഹചര്യങ്ങളെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാതെ വളച്ചൊടിച്ചും, പൂഴ്ത്തിവെച്ചും, ഭാഗീക സത്യങ്ങൾ പ്രചരിപ്പിച്ചും സാമാന്യ ജനങ്ങളെ വഞ്ചിക്കുന്നു എന്ന പരാതികളും നിലനിൽക്കുന്നുണ്ട്.

സങ്കീർത്തനത്തിൽ വായിക്കുന്ന പ്രകാരം യിസ്രായേലിനെ ഭൂപടത്തിൽ നിന്നും മായിച്ചുകളയുമെന്ന് ചില ശത്രു രാജ്യങ്ങൾ ഭീഷണിപ്പെടുത്തുന്നു.

*"വരുവിൻ, യിസ്രായേൽ ഒരു ജാതിയായിരിക്കാതെ വണ്ണം നാം അതിനെ മുടിച്ചുകളക"* (സങ്കി. 83:4).

1960 - കളിലെ ശീത യുദ്ധത്തിനു ശേഷം ഇതുപോലെയുള്ള ഒരു ദുർഘട ഘട്ടം വന്നുചേർന്നിട്ടില്ല എന്ന നിഗമനത്തിൽ, രാഷ്ട്രങ്ങൾ തമ്മിലുള്ള ഒരു അണുവായുധ യുദ്ധത്തിൽ നാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാമെന്ന് പലരും അഭിപ്രായപ്പെടുന്നു.

എങ്കിലും ബൈബിൾ പ്രവചന പ്രകാരം യിസ്രായേലോ, ലോകം തന്നെയോ, ദൈവരാജ്യയുഗം എത്തിച്ചേരുന്നതുവരെ സമൂല നാശം വരുത്തിവയ്ക്കുന്നവണ്ണം ഇല്ലാതാകുമെന്ന് ഭയപ്പെടേണ്ടതില്ല.

ലോകത്തിലെ ഒൻപതു രാജ്യങ്ങൾക്ക് (അമേരിക്ക, റഷ്യ, ബ്രിട്ടൻ, ഫ്രാൻസ്, ചൈന, ഇന്ത്യ, പാക്കിസ്ഥാൻ, യിസ്രായേൽ, ഉത്തര കൊറിയ) സംയുക്തമായി 12,500 അണുവായുധങ്ങളുടെ ശേഖരം ഉണ്ട്. 2020 - ൽ ബെയ്റൂട്ടിൽ ഒരു ചെറിയ സ്ഫോടനം നടന്നു. അതിനേക്കാൾ ആയിരം ഇരട്ടി ശക്തിയുള്ള അണുബോംബാണ് ഹിരോഷിമായുടെയും നാഗസാക്കിയുടെയും മേൽ വർഷിച്ചത്.

അധികം ലോകവും 1945 - ലെ അണുബോംബുകളുടെ മനഃശാസ്ത്രപരമായ പ്രതിഫലനവും 1950 - കളിലേയും 1960 കളിലേയും പരീക്ഷണ ബോംബുകളുടെ യുഗവും മറന്നു കാണും. ആ കാലത്ത് 100 അണു ബോംബുകൾ പരീക്ഷിക്കുകയുണ്ടായി. എന്നാൽ ഈ കാലയളവിലെ സൈനിക നീക്കങ്ങൾ ലോകത്തെ വിഷമ വൃത്തത്തിലാക്കിയിട്ടുണ്ട്.

1960 - കളിൽ അണുവായുധങ്ങൾ പ്രയോഗിക്കത്തക്ക സാഹചര്യങ്ങൾ

ഉടലെടുത്തിട്ടുണ്ടെങ്കിലും, കാരുണ്യ വാനായ ദൈവം അങ്ങനെ സംഭവിക്കുവാൻ ഇടയാക്കിയില്ല.

താഴെക്കൊടുത്തിരിക്കുന്ന രാഷ്ട്രങ്ങൾക്ക് അണുവായുധ പോർമുനകൾ (nuclear warheads) ഉള്ളതായി പറയപ്പെടുന്നു. കണക്കുകൾ കൃത്യമാണോ എന്ന് വ്യക്തമല്ല.

**പോർമുനകൾ**

| | | | |
|---|---|---|---|
| റഷ്യാ | 5,500 | ബ്രിട്ടൻ | 225 |
| അമേരിക്ക | 5044 | ഫ്രാൻസ് | 290 |
| ചൈന | 500 | യിസ്രായേൽ | 90 |
| ഉത്തരകൊറിയ | 50 | | |

മറ്റ് രാജ്യങ്ങളിൽ അണുവായുധ ശേഖരം ഉണ്ടോയെന്ന് അറിഞ്ഞുകൂടാ.

അമേരിക്കൻ പത്രപ്രവർത്തകയും ഗ്രന്ഥകർത്ത്യിയുമായ ആനി ജേക്കബ്സൻ സങ്കീർണ്ണമായ അണു യുദ്ധത്തെക്കുറിച്ച് ഗവേഷണങ്ങൾ നടത്തുകയും താല്പര്യജനകമായ പല വിവരങ്ങളും പങ്കുവെച്ചിട്ടുമുണ്ട്.

"ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലുകൾ" സാധാരണയായി ശബ്ദത്തിന്റെ അഞ്ചിരട്ടി വേഗത്തിൽ (hypersonic) പായുന്നവയാണ്, 30 - 40 മിനിറ്റുകൾക്കകം മഹാ സമുദ്രങ്ങൾ താണ്ടും, തൊടുത്തു വിട്ടുകഴിഞ്ഞാൽ പിൻവലിക്കുവാനോ ഗതിമാറ്റുവാനോ സാധിക്കുകയുമില്ല. നിമിഷങ്ങൾക്കകം ഭൂഖണ്ഡാന്തര മിസൈലുകളുടെ ഗതിയും ലക്ഷ്യവും തിരിച്ചറിയുവാനും കഴിയും.

ഈ വിധ മിസൈൽ അമേരിക്കയിലെ ഒരു നഗരത്തിലേക്കോ, സൈനിക കേന്ദ്രത്തി ലേക്കോ പാഞ്ഞുചെന്നാൽ മിനിറ്റുകൾ ക്കുള്ളിൽ ശീഘ്രത്തിൽ പ്രതികരിച്ചു നശിപ്പിക്കുവാൻ പ്രാപ്തിയുള്ള 400 യന്ത്രോപകരണങ്ങൾ രാജ്യത്തുടനീളം വിന്യസിച്ചിട്ടുണ്ട്. അന്യരാജ്യത്തുനിന്നു തൊടുത്തുവിടാൻ സാദ്ധ്യതയുള്ള ഭൂഖണ്ഡാന്തര മിസൈലുകളെ വരുന്ന വരവിൽ തന്നെ നശിപ്പിക്കാൻ ശേഷിയുള്ള 44 സ്റ്റേഷനുകൾ തയ്യാറായി നിൽക്കുന്നു. റഷ്യയിൽ നിന്നു കുതിച്ചുവരുവാനിടയുള്ള മിസൈലുകളെ കൈകാര്യം ചെയ്യുവാൻ ഇവയിൽ ഏറെയും അലാസ്ക്കായിലാണ് സ്ഥാപിച്ചിട്ടുള്ളത്."

അമേരിക്കയിലും, ഒരുപക്ഷേ മറ്റുരാജ്യങ്ങളിലും ഭൂഖണ്ഡാന്തര മിസൈലുകളുടെ ഭീഷണിയുണ്ടായാൽ പകരം വീട്ടൽ പ്രക്രിയയ്ക്കുള്ള തയ്യാറെടുപ്പുകൾ ഇടയ്ക്കിടെ നടത്താറുണ്ട്. ഇതിനായി കുറ്റമറ്റ പരിശീലനം നൽകി വരുന്നു. അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് പ്രസിഡണ്ടിന്റെ തീരുമാനത്തിനു കാക്കുവാൻ വെറും ആറു മിനിറ്റേ വേണ്ടു. പ്രസിഡണ്ടിനെയും മറ്റ് ഉന്നത ഉദ്യോഗസ്തരേയും അണുവായുധ സംരക്ഷണ ബങ്കറുകളിലേക്ക് മാറ്റുവാൻ 20 മിനിറ്റ് മതിയാകും. അമേരിക്കൻ സൈന്യത്തിന്റെ തന്ത്രപരമായ കൗശലത്തിൽ തങ്ങളുടെ സ്വന്തം യുദ്ധോപകരണങ്ങൾ നശിപ്പിക്കപ്പെടുന്നതിന് മുമ്പ് പ്രതിയോഗിയോടു ശീഘ്രം പകവീട്ടാൻ കഴിയും. ഗൗരവതരമായ അണു ആയുധ പ്രയോഗങ്ങളുടെ ഫലമായി ദശലക്ഷക്കണക്കിന് ആളുകൾക്ക് മരണം സംഭവിക്കാം. മറ്റേതു രാഷ്ട്രത്തേക്കാളും ഏത് ആക്രമണങ്ങളേയും നേരിടാൻ അമേരിക്ക സജ്ജമാണ്.

അങ്ങനെയുള്ള സംഭവങ്ങളിൽ ഇപ്പോൾ ഏറ്റവും മെച്ചപ്പെട്ട രക്ഷാസ്ഥാനം ആസ്ട്രേലിയയും ന്യൂസിലണ്ടുമാണ്. എന്നിരുന്നാലും ആധുനിക കാലത്തെ അണു സംഘർഷം ലോകത്തിന്റെ തന്നെ കാലാവസ്ഥയെ ഗുരുതരമാം വണ്ണം പ്രതികൂലമായി ബാധിക്കാം. അനേകം വർഷക്കാലത്തേക്ക്, സൂര്യപ്രകാശം തടയപ്പെട്ട് "അണു ശീതകാലം" ഉണ്ടായേക്കാം. താപനില ഏറ്റവും താഴേക്കു പതിച്ചെന്നും വരാം. അണു പ്രസരണത്താൽ ലക്ഷങ്ങൾ എന്നല്ല, കോടിക്കണക്കിന് ആളുക

ൾക്ക് മരണം സംഭവിക്കാം.

ഐക്യരാഷ്ട്ര ഇടപെടലുകളും ചില രാഷ്ട്രങ്ങളുടെ സമാധാനത്തിനുള്ള മദ്ധ്യസ്ഥ ശ്രമങ്ങളും വിജയിക്കുന്നതായി കാണുന്നില്ല. ഈ ലോകം എങ്ങോട്ടു പോകുന്നുവെന്നും എവിടെ ചെന്നു നിൽക്കുമെന്നുമുള്ള വസ്തുതകളുടെ വിശദാംശങ്ങൾ ദൈവത്തിന്റെ പ്രവാചകന്മാരിലൂടെ ബൈബിളിൽ വിശദീകരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ നാം ദൈവത്തിന്റെ കരുണയിലും കൃപയിലും ആശ്രയിക്കേണ്ടിയിരിക്കുന്നു.

2023 –ൽ ഉത്തരകൊറിയയിൽ ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ പരീക്ഷണം നടത്തി.

*'നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നുപോയിട്ടില്ലല്ലോ; അതു രാവിലെ തോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു"* (വിലാപങ്ങൾ 3:22,23).

ഒരു ബട്ടൺ അമർത്തിയാൽ കരിഞ്ഞു ചാമ്പ ലാകാവുന്ന, ദുരന്തപൂരിതമായി ലോകത്തെ കൊന്നൊടുക്കി നാശത്തിലേക്കു നയിച്ചേക്കാവുന്ന സാഹചര്യം നിലനിൽക്കുമ്പോൾ ദൈവത്തിലും, മനുഷ്യജാതിയുടെ വിമോചനത്തിനായി കാൽവറി ക്രൂശിൽ ജീവൻ വെടിഞ്ഞ ദൈവ പുത്രനായ കർത്താവായ യേശു ക്രിസ്തുവിലും ആശ്രയിക്കേണ്ടത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കാര്യമത്രേ! യേശു പറഞ്ഞു:

***"ശിലോഹാമിലെ ഗോപുരം വീണു മരിച്ചു പോയ ആ പതിനെട്ടു പേർ യെരൂശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാർ ആയിരുന്നു എന്നു തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നെ നശിച്ചു പോകും"*** (ലൂക്കൊ. 13:5).

നമ്മുടെ ജീവിതകാലത്ത് നാം അണുവായുധ യുദ്ധം കണ്ടാലും ഇല്ലെങ്കിലും, ദൈവത്തിന്റെ പദ്ധതിക്കു തടസ്സമുണ്ടാക്കുന്ന യാതൊന്നും സംഭവിക്കുവാൻ അവിടുന്ന് ഇടയാക്കുകയില്ല എന്ന് നമുക്ക് ഉറപ്പായി വിശ്വസിക്കാം. ഇത് ദൈവവചനമായ ബൈബിളിലെ വാഗ്ദാനമാണ്.

മഹോപദ്രവകാലം ആരംഭിക്കുന്നതിനുമുമ്പ് കർത്താവിൽ ആശ്രയിക്കുന്നവർ മദ്ധ്യാകാശത്തിലേക്ക് എടുക്കപ്പെടുമെന്ന് ദൈവവചനം ഉറപ്പു നൽകുന്നു. മഹോപദ്രവം ഒരു ചെറിയ കാലയളവിലേക്ക് ആയിരിക്കുന്നില്ലെങ്കിൽ സകല ജഡവും നശിച്ചുപോകും. ***"ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ (elect) നിമിത്തമോ ആ നാളുകൾ ചുരുങ്ങും"*** (മത്താ. 24:22). അന്തിമ യുദ്ധം മെഗിദ്ദോ താഴ്വരയിലെ "ഹർമ്മഗെദ്ദോൻ" ആയിരിക്കും. അതിനുശേഷം യേശു മശിഹായുടെ മഹത്ത്വ പ്രത്യക്ഷത യുണ്ടാകുകയും തുടർന്ന് ക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ച ആരംഭിക്കുകയും ചെയ്യും. അപ്പാൾ ആയിരം വർഷ കാലത്തേക്കു ഭൂമിയിൽ അതുവരെ ഉണ്ടായിട്ടില്ലാത്തവണ്ണം സമാധാനവും, സമൃദ്ധിയും, നീതിബോധവും ഉണ്ടാകും. മനുഷ്യപ്രവർത്തികളാൽ ഈ ഭൂമിക്ക് സംഭവിച്ച നാശങ്ങൾ പരിഹരിക്കാൻ തക്കവണ്ണം ഒരു പുതിയ ആകാശവും പുതിയ ഭൂമിയും പ്രത്യക്ഷപ്പെടും. ആ രാജ്യത്തിനായി ഒരുങ്ങുവാനുള്ള തക്കസമയം ഇപ്പോൾതന്നെ.*

## അറിയിപ്പുകൾ

ഈ പ്രസിദ്ധീകരണത്തിന് വരിസംഖ്യ നിശ്ചയിച്ചിട്ടില്ല. സ്വമേധാ ദാനങ്ങൾ സ്വീകരിക്കുന്നതാണ്. മലയാളം, തമിഴ്, ഹിന്ദി, കന്നഡ, തെലുങ്ക്, ഗുജറാത്തി, മറാത്തി, പഞ്ചാബി, ഒറിയ, ബംഗാളി, ഉർദ്ദു, ആസ്സാമീസ്, നേപ്പാളി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ സുവിശേഷ ലഘുലേഖകൾ ലഭ്യമാണ്. ബന്ധപ്പെടുക. 9207976381, 9447976381.

# മരണത്തിനുശേഷം എന്തു സംഭവിക്കുന്നു?



അടുത്തിടെ ബ്രിട്ടീഷ് ദിനപത്രമായ *ഡെയിലി ടെലിഗ്രാഫിൽ* ഗ്രന്ഥകാരൻ ഡോ. സ്റ്റീവ് ടെയ്‌ലർ എഴുതിയ ഒരു ലേഖനത്തിൽ അദ്ദേഹം മരണത്തിന്റെ മുന്നിൽ ചെന്നുപെട്ടിട്ട് എങ്ങനെയാണ് അവിടെനിന്ന് രക്ഷപ്പെട്ടതെന്ന് വിവരിക്കുന്നു. അമ്പതു വർഷം മുൻപ് ലണ്ടനിലെ ഒരു തീവണ്ടിയിൽ ഐറിഷ് റിപ്പബ്ലിക്കൻ സേന നടത്തിയ ബോംബ് ആക്രമണത്തിൽനിന്ന് ഏതാനും സെക്കന്റുകളുടെ വ്യത്യാസത്തിൽ അദ്ദേഹം രക്ഷപ്പെട്ടു. ഡോ. സ്റ്റീവ് ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന ലീഡ്സ് ബെക്കറ്റ് സർവ്വകലാശാലയിൽ അദ്ദേഹം വിദ്യാർത്ഥികൾക്ക് ഒരു അഭ്യാസം കൊടുത്തു: 'ഞാൻ അവർക്ക് ഒരു തീയതി കൊടുത്തു – ഇന്നു തുടങ്ങി ഒരു വർഷത്തിൽ അവസാനിക്കുന്ന ആ തീയതി അവരുടെ മരണ ദിവസമാണ്.' അതിനുശേഷം ഞാൻ അവരോട് പറഞ്ഞു, 'നിങ്ങളുടെ ജീവിതത്തിൽ ഒരു വർഷം മാത്രമേ ബാക്കിയുള്ളൂ. ആ 365 ദിവസങ്ങൾ എങ്ങനെ ചെലവഴിക്കുമെന്ന് നിങ്ങൾ തീരുമാനിക്കണം. അഭ്യാസത്തിന്റെ ഫലങ്ങൾ ദുർഗ്രഹമായിരുന്നു. അവർ സാധാരണക്കാരായ വിദ്യാർത്ഥികളാണെന്നും – സുഖലോലുപരായ യുവജനങ്ങളാണെന്നും തോന്നിയെങ്കിലും അവരുടെ പ്രിയപ്പെട്ടവരോടൊപ്പവും പ്രകൃതിയോടൊപ്പവും സമയം ചെലവഴിക്കുമെന്ന് അവർ പറഞ്ഞു. മയക്കുമരുന്നിലും മദ്യത്തിലും ലൈംഗികതയിലും പരമാവധി സമയം ചെലവഴിക്കുമെന്ന് അവരിൽ ചിലർ പറഞ്ഞു. എന്നാൽ അത് തീർത്തും അപൂർവ്വമായിരുന്നു. ചിലർ യാത്ര ചെയ്യുമെന്നും മറ്റു ചിലർ മനസ്സിനിണങ്ങിയ വിനോദവൃത്തിയിൽ ഏർപ്പെടുമെന്നും പറഞ്ഞു. ബന്ധങ്ങളിൽ വന്ന പാളിച്ചകൾ ശരിയാക്കുമെന്നും തങ്ങൾ ആളുകളെ സ്നേഹിക്കുമെന്ന് അവരോട് പറയുമെന്നും അവരിൽ ചിലർ പറഞ്ഞു. അവരെല്ലാം വ്യത്യസ്തവും കൗതുകകരവുമായ കാര്യങ്ങൾ എഴുതി.'

അവർ പറയാത്തതും ലേഖനത്തിൽ വരാത്തതുമായ വസ്തുത ദൈവത്തെ അന്വേഷിക്കുന്നതിനെപ്പറ്റിയും മരണശേഷം എന്തു സംഭവിക്കുമെന്നതിനെപ്പറ്റിയുമുള്ള ചോദ്യമായിരുന്നു,. ബ്രിട്ടനിലെ മിക്കവാറും ആളുകളുടെ അഭിപ്രായം ആ ചോദ്യം നിങ്ങൾ അവരോട് ചോദിക്കാൻ പാടില്ലെന്നാണ്. അതിനെപ്പറ്റി ചിന്തിക്കാനോ അല്ലെങ്കിൽ സംസാരിക്കാനോ അവർക്ക് ആഗ്രഹമില്ല. അവർ അതിനുവേണ്ടി ഒരുക്കങ്ങൾ ഒന്നും നടത്തുന്നില്ല. ഒന്നുകിൽ തങ്ങളുടെ അസ്തിത്വം അവസാനിക്കുമെന്നും അല്ലെങ്കിൽ തങ്ങൾ പുനർജനിക്കുമെന്നും അവർ വിശ്വസിക്കുന്നു. അല്ലെങ്കിൽ എല്ലാവരും മരണശേഷം ആകാശമദ്ധ്യേ ദൂതന്മാരോടൊപ്പം പാട്ടുപാടുമെന്ന വൈകാരികമായ ആശയം അവർക്കുണ്ട്.

## ദിനപത്രത്തിൽ ഈ ലേഖനത്തിന് ഞാൻ അഭിപ്രായം എഴുതി:

'ഈ ലേഖനത്തിലെ കൗതുകകരമായ വസ്തുത മരണത്തിനു മുന്നിൽ ദൈവത്തെ അന്വേഷിക്കുന്നതിനെപ്പറ്റി ഒരു സൂചനയുമില്ലെന്നതാണ്. മരണശേഷം എന്തു സംഭവിക്കും? ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഈ ചോദ്യം മിക്കവാറും പേർ അവഗണിക്കുന്നു. ഒരിക്കൽ മരണവും പിന്നീട് ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നുവെന്ന് ബൈബിൾ പറയുന്നു. ഞാൻ മരണത്തെ ഭയപ്പെടുന്നില്ല കാരണം, യേശു ക്രിസ്തുവിലുള്ള വിശ്വാസം കാരണം എനിക്ക് ദൈവത്തോട് സമാധാനമുണ്ട്. അനു

തപിക്കുന്ന, സുവിശേഷത്തിൽ വിശ്വസിക്കുന്ന എല്ലാവർക്കും നിത്യജീവൻ നൽകാൻ യേശു ക്രിസ്തു എന്റെ പാപങ്ങൾക്കുവേണ്ടി മരിച്ച് അടക്കപ്പെട്ട് മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു.'

എനിക്ക് നിരവധി മറുപടികൾ ലഭിച്ചു: അതിൽ ഒരാൾ പറഞ്ഞത് മരണത്തിന് ശേഷം എന്തു സംഭവിക്കുമെന്ന് നിങ്ങൾക്ക് ഒന്നുമറിയില്ല, പിന്നെ എന്തിനാണ് അതിനെപ്പറ്റി ഊഹിക്കുന്നത്. ഞാൻ അയാൾക്ക് മറുപടി നൽകി:

'മരണത്തെപ്പറ്റിയുള്ള വസ്തുത എന്താണെന്ന് വച്ചാൽ നാമെല്ലാവരും അത് അനിവാര്യമായും അഭിമുഖീകരിക്കും. ആ സമയത്ത് നിങ്ങളുടെ പൂന്തോട്ടത്തിൽ സൂര്യൻ പ്രകാശിക്കുന്നോയെന്നൊന്നും അത് കാര്യമാക്കുന്നില്ല. കാരണം, എല്ലാം മാറിപ്പോയിരിക്കുന്നു. നിങ്ങൾ നിത്യമായ ഒരു വ്യവഹാരമണ്ഡലത്തിൽ – സ്വർഗ്ഗത്തിൽ അല്ലെങ്കിൽ നരകത്തിൽ പ്രവേശിക്കും. വരുവാനുള്ള ലോകത്തെപ്പറ്റിയുള്ള വിവരവുമായി യേശു സ്വർഗ്ഗത്തിൽ നിന്നു വന്നു. അവിടുത്തെ പ്രവേശനത്തിന് നമുക്ക് സ്വയമേ ഒന്നും ചെയ്യാനാകില്ല. ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും മെച്ചപ്പെട്ട ഒരു ജീവിതം നയിക്കാൻ യേശു പാതകാട്ടിത്തന്നു.'

മരണത്തിനുശേഷം എന്തു സംഭവിക്കുമെന്ന് ആരും സൂചിപ്പിച്ചില്ലെന്നത് വിചിത്രമായി തോന്നുന്നു. ഒരു പക്ഷേ ഇന്ത്യയിൽ അവർക്ക് എന്തെങ്കിലും ഒന്ന് പറയാൻ ഉണ്ടാകുമായിരുന്നു. പക്ഷേ ഇത് ഇംഗ്ലണ്ടാണ്. മിക്കവാറും ആളുകൾ അതൊക്കെ അവരുടെ മനസ്സിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നു.. ഇത് ദുഃഖകരമാണ്. കാരണം മരണത്തിനുശേഷമുള്ള ജീവിതത്തിനു വേണ്ട ഒരുക്കങ്ങൾ ഇപ്പോൾ ഇവിടെ ജീവനുള്ളപ്പോൾ നാം ചെയ്യേണ്ടിയിരിക്കുന്നു. ബൈബിൾ പ്രകാരം മരണത്തിനുശേഷമുള്ള എന്തെങ്കിലും കാര്യം മരണത്തിനു ശേഷം ചെയ്യുന്നത് ഏറെ താമസിച്ചുപോയതിനു തുല്യമാണ്. അതുകൊണ്ട്, വിവേകമുള്ള ഒരു വ്യക്തി യുവജനങ്ങൾ ആയാലും വൃദ്ധജനങ്ങൾ ആയാലും മരണത്തിന് വേണ്ടി ഒരുങ്ങാൻ ഇപ്പോൾ തന്നെ ചുവടുവെയ്പ്പുകൾ എടുക്കണം. മോശമായതല്ല, ഒരു നല്ല അനന്തര ഫലം അതുമൂലം ഉണ്ടാകണമെന്ന് നാം ഉറപ്പിക്കണം.

ഈ വിഷയത്തിൽ ബൈബിൾ വിശ്വാസ്യതയുള്ള വിവരം നൽകുന്നു. നിത്യതയിൽ വസിക്കുന്ന ഒരുവനാണ് നമുക്ക് അത് തന്നത്. അവിടെ സംഭവിക്കുന്നതെല്ലാം അവിടുത്തേക്ക് അറിയാം. ദൈവം ഈ വസ്തുതകൾ എല്ലാം യേശു ക്രിസ്തുവിൽ വെളിപ്പെടുത്തി. മരണത്തിനു ശേഷം ഒരു ജീവിതമുണ്ടെന്ന് യേശു നമുക്ക് ഉറപ്പു തരുന്നു. യേശുവിന് ഇതിനെപ്പറ്റി ആധികാരികമായി സംസാരിക്കാൻ കഴിയും. കാരണം, ദൈവത്തിന്റെ രാജ്യത്തെപ്പറ്റിയും അവിടെ എങ്ങനെ പ്രവേശിക്കാമെന്നും പറയാൻ താൻ മറുവശത്തുനിന്നാണ് (സ്വർഗ്ഗത്തിൽ നിന്ന്) വന്നത്. നാം അവിടുത്തേക്ക് ശ്രദ്ധ കൊടുക്കണം. സത്യം പറയട്ടെ, മറ്റെല്ലാമത സംവിധാനങ്ങളും മതനേതാക്കന്മാരുടെ ഊഹാപോഹങ്ങളുടെ ഫലമായിട്ട് ഉണ്ടായതാണ്. അവർക്ക് സത്യം എന്താണെന്ന് അറിയില്ല, അല്ലെങ്കിൽ അവരുടെ നല്ല താല്പര്യമോ തന്ത്രങ്ങൾ മൂലമോ അവർ അവയെ സൃഷ്ടിച്ചതാണ്. പിശാചിനാൽ സ്വാധീനിക്കപ്പെടുന്ന ഒരു അപകടവും അവരിലുണ്ട്. ഈ ലോകത്തിന് അപ്പുറമുള്ളതൊന്നും പിശാചിന് അറിയില്ല. മാത്രമല്ല, നാം സത്യം അറിയരുതെന്ന് അവൻ ആഗ്രഹിക്കുന്നു. കാരണം നമ്മെ ആശയകുഴപ്പത്തിലാക്കാനും തെറ്റിക്കാനും അവൻ താല്പര്യം കാണിക്കുന്നു.

യോഹ. 5:24–30 വരെ യേശു പറഞ്ഞു, '*ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ട് എന്നെ*

*അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവ പുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴികവരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു.പിതാവിനു തന്നിൽതന്നെ ജീവനുള്ളതുപോലെ അവൻ പുത്രനും തന്നിൽതന്നെ ജീവനുള്ളവൻ ആകുമാറു വരം നല്കിയിരിക്കുന്നു.അവൻ മനുഷ്യ പുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവന് അധികാരവും നല്കിയിരിക്കുന്നു. ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു. എനിക്കു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളത് ആകുന്നു.'*

ഭൂമിയിലുള്ള എല്ലാ ആളുകളും പൊതുവായി പുനരുത്ഥാനം ചെയ്യുമെന്ന് ഇതു പറയുന്നു, ഒരു പുനരുത്ഥാനം നിത്യജീവനായും മറ്റൊരു പുനരുത്ഥാനം ന്യായവിധിക്കായുമാണ്. നാം മരിക്കുമ്പോൾ, നമ്മുടെ ആത്മാവ് ഈ ശരീരം വിട്ടുപോകും. നാം എന്നെന്നേക്കുമായി ഈ ശരീരം വിട്ടുപോകും. സഭാപ്രസംഗിയുടെ പുസ്തകത്തിൽ അത് എഴുതിയിരിക്കുന്നു:

*'എല്ലാം ഒരു സ്ഥലത്തേക്കു തന്നെ പോകുന്നു; എല്ലാം പൊടിയിൽ നിന്നുണ്ടായി, എല്ലാം വീണ്ടും പൊടിയായി തീരുന്നു. മനുഷ്യരുടെ ആത്മാവ് മേലോട്ടു പോകുന്നുവോ? മൃഗങ്ങളുടെ ആത്മാവ് കീഴോട്ട് ഭൂമിയിലേക്കു പോകുന്നുവോ? ആർക്കറിയാം?... പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവ് അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും'* (സഭാ. 3:20-21, 12:7).

മനുഷ്യർ മൃഗങ്ങളിൽ നിന്ന് വ്യത്യസ്തരാണ്. നമ്മിൽ ആത്മാവുണ്ട്. മരണത്തിന്റെ സമയത്ത്, ആത്മാവ് ദൈവത്തിലേക്ക് മടങ്ങിപ്പോകുന്നു. ഈ സമയത്ത്, ദൈവത്തെ എതിരേൽക്കാൻ ഒരുങ്ങിയവരും ഒരുങ്ങാത്തവരും ഉണ്ട്. സാധ്യമായ രണ്ടു അനന്തരഫലങ്ങളാണ് അതിനുള്ളത്: നിത്യജീവനും ന്യായവിധിയും. അതിൽ എവിടേക്ക് പോകുമെന്നത് ഇപ്പോഴത്തെ നമ്മുടെ തെരഞ്ഞെടുപ്പിനെയും കർത്താവായ യേശു ക്രിസ്തു മുഖാന്തരം ദൈവം നമ്മെ എങ്ങനെ ന്യായം വിധിക്കുന്നു എന്നതിനെയും ആശ്രയിച്ച് ഇരിക്കുന്നു. അവിടുത്തേക്ക് അധികാരമുണ്ട്. കാരണം, താൻ ദൈവത്തിന്റെ പുത്രനാണ്. പിതാവിനോട് തുല്യനാണ്. അതുകൊണ്ട് ഈ വിഷയത്തിൽ വിധിക്കാനുള്ള അധികാരം തന്നിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. മറ്റാരിലും അല്ല. അതുകൊണ്ട്, മരണത്തിനു ശേഷം നിങ്ങൾ നല്ല അനുഭവം ആഗ്രഹിക്കുന്നുവെങ്കിൽ യേശുവിന്റെ പക്ഷത്തേക്ക് വരിക.

യോഹന്നാൻ പതിനൊന്നാം അധ്യായത്തിൽ നാം ഒരു സംഭവം വായിക്കുന്നു. ലാസർ മരിച്ചു. അവന്റെ സഹോദരി മാർത്ത അതോർത്ത് വിലപിക്കുന്നു. യേശു നേരത്തെ വന്ന് അവന്റെ രോഗം സൗഖ്യമാക്കി അവനെ മരണത്തിനു വിട്ടുകൊടുക്കാതെ രക്ഷിച്ചില്ലല്ലോ എന്നോർത്ത് അവൾ ദുഃഖിതയായിരുന്നു. യഥാർത്ഥത്തിൽ ലാസറിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചതിലൂടെ യേശു ഏറ്റവും വലിയ അത്ഭുതങ്ങളിൽ ഒന്നായിരുന്നു ചെയ്തത്. എന്നാൽ അത് സംഭവിക്കുന്നതിനു മുൻപ് കൗതുകകരമായ ഒരു സംഭാഷണം നാം കേൾക്കുന്നു:

*‘യേശു വരുന്നു എന്നു കേട്ടിട്ടു മാർത്ത അവനെ എതിരേല്പാൻ ചെന്നു; മറിയയോ വീട്ടിൽ ഇരുന്നു. 21 മാർത്ത യേശുവിനോടു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു. 22 ഇപ്പോഴും നീ ദൈവത്തോട് എന്ത് അപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു എന്ന് പറഞ്ഞു. 23 യേശു അവളോടു: നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞു. 24 മാർത്ത അവനോട്: ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കും എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു. 25 യേശു അവളോട്: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. 26 ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല; ഇതു നീ വിശ്വസിക്കുന്നുവോ എന്ന് പറഞ്ഞു’* (യോഹ. 11:20-26).

മശിഹായായ ദൈവപുത്രൻ എന്ന നിലയിൽ യേശുവിലുള്ള വിശ്വാസം മരണത്തിനു ശേഷം മോശപ്പെട്ടതല്ല, മെച്ചപ്പെട്ട ഒരു സ്ഥലത്തേക്ക് നാം പോകുന്നുവെന്ന് അറിയുന്നതിന്റെ താക്കോലാണെന്നാണ് ഇത് അർത്ഥമാക്കുന്നത്. അതുകൊണ്ട് ഇത് മറ്റു ദൈവങ്ങളിൽ അല്ലെങ്കിൽ മതങ്ങളിൽ വിശ്വസിക്കുന്ന, യേശുവിൽ വിശ്വസിക്കാത്ത ഈ ലോകത്തിലെ ദശലക്ഷക്കണക്കിന് ജനങ്ങളോടുള്ള അനീതിയല്ലേ?

ഈ വിഷയത്തിൽ വിധിക്കാനുള്ള യേശുവിന്റെ അധികാരത്തെക്കുറിച്ചുള്ള ചോദ്യത്തിലേക്ക് ഇത് നയിക്കുന്നു. ഇവിടുത്തെ വിഷയം എന്താണെന്നു വച്ചാൽ, എങ്ങനെ സ്വർഗ്ഗത്തിൽ എത്താമെന്ന് നമ്മോട് പറയാൻ മറുവശത്തുനിന്ന് (സ്വർഗ്ഗത്തിൽ) വന്നവൻ യഥാർത്ഥത്തിൽ യേശു മാത്രമാണ്. മറ്റുള്ളവർ ആ വിഷയത്തെപ്പറ്റി ആശയങ്ങളും ഊഹാപോഹങ്ങളും മുന്നോട്ടു വച്ചു. എന്നാൽ ആ വിഷയത്തെപ്പറ്റി ആധികാരികമായി സംസാരിക്കാൻ യേശുവിന് മാത്രമേ കഴിയൂ. കാരണം, ദൈവത്തെ കണ്ടെത്താനും ദൈവത്തിന്റെ രാജ്യത്തിൽ പ്രവേശിക്കാനുമുള്ള മാർഗ്ഗം നമ്മോട് പറയാൻ താൻ സ്വർഗ്ഗത്തിൽ നിന്നു വന്നു. അവിടുന്ന് തന്നെപ്പറ്റി പറഞ്ഞു, ‘ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല’ യോഹ. 14:6. അപ്പൊസ്തലനായ പത്രൊസ് യേശുവിനെപ്പറ്റി പറഞ്ഞു: *‘മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല’* (അപ്പൊ. 4:16).

എന്തുകൊണ്ടാണ് ഇത്? നമ്മുടെ ശ്രമങ്ങൾ കൊണ്ട് നമുക്ക് ദൈവത്തിൽ എത്താൻ കഴിയില്ലെന്ന് ബൈബിൾ നമ്മോട് പറയുന്നു. കാരണം, പാപം എന്ന അവസ്ഥ മൂലം നാമെല്ലാവരും ദൈവത്തിൽ നിന്ന് വേർതിരിക്കപ്പെട്ടു. പാപം ഭൂമിയിലെ ഓരോ മനുഷ്യനെയും ബാധിക്കുന്നു. ബൈബിൾ പറയുന്നു, *‘ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു,’* റോമ. 3:23. ദൈവം പരിശുദ്ധനാണ്, നാം പരിശുദ്ധരല്ല. അതുകൊണ്ട്, ഈ പ്രശ്നം പരിഹരിക്കാതെ നമുക്ക് ആർക്കും ദൈവത്തിന്റെ രാജ്യത്തിൽ പ്രവേശിക്കാനാകില്ല. ദൈവവും മനുഷ്യനും തമ്മിലുള്ള അകൽച്ച നന്മ പ്രവർത്തികൾ ചെയ്യുന്നതിലൂടെയും, പ്രാർത്ഥനകളിലൂടെയും, മത കർമ്മങ്ങളിലൂടെയും ഇല്ലാതാക്കാമെന്ന ആശയങ്ങൾ ഭൂമിയിലെ എല്ലാ മത സംവിധാനങ്ങൾക്കുമുണ്ട്. നമ്മുടെ ഒരു നന്മ പ്രവർത്തിക്കും ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയില്ലെന്ന് ബൈബിൾ നമ്മോട് പറയുന്നു.

*'ഞങ്ങൾ എല്ലാവരും അശുദ്ധനെ പ്പോലെ ആയിതീർന്നു;* ഞങ്ങളുടെ നീതി പ്രവർത്തികൾ ഒക്കെയും കറ പിരണ്ട തുണിപോലെ" (യെശ. 64:6). ബൈബിളിൽ എഴുതിയിരിക്കുന്നു, *'നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല'* (റോമ. 3:10–11).

മറ്റുള്ളവരേക്കാൾ മെച്ചമായി കാര്യങ്ങൾ ചെയ്യുന്നവർ ഉണ്ട്. എന്നാൽ ദൈവത്തിന്റെ രാജ്യത്തിൽ പ്രവേശിക്കാൻ അവിടുന്ന് ആവശ്യപ്പെടുന്ന നീതിയുടെ നിലവാരത്തിൽ എത്തുന്നതിൽ നാമെല്ലാവരും പരാജയപ്പെടുന്നു. യേശു ഒഴികെ എല്ലാവരും. ദൈവത്തിന്റെ വശത്തു നിന്ന് സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് വന്ന് അവിടുന്ന് വേർപാട് ഇല്ലാതാക്കി. അതിനു ശേഷം, ലോകത്തിന്റെ പാപത്തിന്റെ വില കൊടുക്കാൻ താൻ കുരിശിലേക്ക് പോയി. പൗലൊസ് കൊരിന്ത്യർക്ക് എഴുതി:

*'ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതുതന്നേ നിങ്ങൾക്കു ആദ്യമായി ഏല്പിച്ചുതന്നുവല്ലോ'* (1 കൊരി. 15:3–5).

*'ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു.ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നു കൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു; അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതു പോലെ ആകുന്നു. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു, അവൻ നമുക്കു വേണ്ടി പാപം ആക്കി'* (2 കൊരി. 5:17–21).

അതിന്റെ അർത്ഥം, ഇപ്പോൾ നാം യേശു ക്രിസ്തു വഴി രക്ഷ സ്വീകരിക്കുകയാണെങ്കിൽ, നാം അവിടുത്തെ നീതി സ്വീകരിക്കുകയും ദൈവത്തിന് സ്വീകാര്യരായി തീരുകയും ചെയ്യുമെന്നാണ്. അതുകൊണ്ട് നമുക്ക് ഇപ്പോൾ നിത്യജീവൻ ഉണ്ട്. ഒരിക്കൽ നാം മരിക്കുമ്പോൾ പറുദീസയിൽ നാം ദൈവത്തോടുകൂടെ നിത്യമായി വാഴും. ആ തീരുമാനം ഇപ്പോൾ എടുക്കുന്നത് പ്രാധാന്യം അർഹിക്കുന്നു. എബ്രായർ 9:27–28 വരെ അത് എന്തുകൊണ്ടാണെന്ന് പറയുന്നു: *'ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെ തന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും.'*

ഈ വാക്യങ്ങൾ ഒരു കൂട്ടം സുപ്രധാന വസ്തുതകൾ നമ്മോട് പറയുന്നു:

1. എല്ലാവരും മരണശേഷം ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കണം.

2. ദൈവത്തോട് നിരപ്പ് പ്രാപിക്കാൻ നമുക്ക് ഒരു ജീവിതവും ഒരു അവസരവും മാത്രമേയുള്ളൂ. ചില മത വിശ്വാസങ്ങൾ പഠിപ്പിക്കുന്നതുപോലെ പുനർജന്മം ഇല്ല.

3. അനേകരുടെ പാപങ്ങളെ ചുമപ്പാൻ യേശു ഒരിക്കൽ അർപ്പിക്കപ്പെട്ടു. ചില സഭാ വിശ്വാസങ്ങൾ പഠിപ്പിക്കുന്നതു

പോലെ വിശുദ്ധസംസർഗ്ഗ ബലിയായി അവനെ വീണ്ടും വീണ്ടും അർപ്പിക്കേണ്ട ആവശ്യമില്ല.

4. അവിടുന്ന് ദൈവത്തിന്റെ അവസാന വാക്കാണ്. മറ്റുചില മതങ്ങൾ പഠിപ്പിക്കുന്നതു പോലെ കൂടുതൽ വെളിപ്പാട് അറിയിക്കാൻ മറ്റൊരു പ്രവാചകനും വരുന്നില്ല.

5. അവിടുന്ന് വീണ്ടും വരും. തന്റെ ആദ്യത്തെ വരവിൽ അവിടുത്തെ സന്ദേശത്തിനോട് നാം എങ്ങനെ പ്രതികരിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ അപ്പോൾ താൻ ലോകത്തെ നീതിയിൽ ന്യായം വിധിക്കും.

ഇപ്പോൾ നാം അത് ചെയ്യുന്നത് പ്രാധാന്യം അർഹിക്കുന്നു. കാരണം, മരണത്തിനു ശേഷം നമുക്ക് പോകാൻ കഴിയുന്ന രണ്ടു മാർഗ്ഗങ്ങളെയുള്ളൂ – സ്വർഗ്ഗവും, നരകവും. ചിലർ പഠിപ്പിക്കുന്നതുപോലെ ഇതിനിടയിൽ ശുദ്ധീകരണ സ്ഥലം എന്നൊന്നില്ല. ചിലയാളുകൾ പഠിപ്പിക്കുന്നതുപോലെ പുനർജന്മ ചക്രങ്ങളും ഇല്ല. നിരീശ്വരവാദികളും അജ്ഞേയവാദികളും പഠിപ്പിക്കുന്നതു പോലെ നമ്മുടെ അസ്തിത്വം മരണത്തിൽ അവസാനിക്കുന്നില്ല.

ബൈബിളിലെ അവസാനത്തെ പുസ്തകം നരകത്തെപ്പറ്റി എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്:

*'ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തനു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും'* (വെളി. 20:11–15).

വിവേകമുള്ള വ്യക്തി ഈ വിധി ഒഴിവാക്കാൻ വേണ്ടതെല്ലാം ചെയ്യും. അത് ചെയ്യേണ്ട രീതി വ്യക്തമാണ്. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക.

## നരകം തിരസ്കരിക്കുക, സ്വർഗ്ഗത്തിൽ പോവുക

*'ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്നു തന്നെ, ഇറങ്ങുന്നത് ഞാൻ കണ്ടു സിംഹാസനത്തിൽ നിന്ന് ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു' (വെളി. 21:1–5).* *

# പാശ്ചാത്യ സമൂഹത്തിന്റെ അടിസ്ഥാനങ്ങൾ ആർക്ക് നന്നാക്കാനാകും?



ബ്രിട്ടീഷ് പ്രധാനമന്ത്രി സർ കെയർ സ്റ്റാർമർ ഓഗസ്റ്റ് 27-ന്, ഡൗണിങ് സ്ട്രീറ്റിൽ രാജ്യത്തെ അഭിസംബോധന ചെയ്തുസംസാരിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു: **'കാര്യങ്ങൾ മെച്ചമാകുന്നതിനു മുൻപ് അവ മോശമാകും.'** അദ്ദേഹം തുടർന്നു, 'ഈ പദ്ധതി (ലേബർ സർക്കാർ)എപ്പോഴും ഈ രാജ്യത്തിന്റെ അടിസ്ഥാനങ്ങൾ നന്നാക്കുന്നതിനുവേണ്ടി നിലകൊള്ളുന്നു.'

ടോണി പിയേഴ്സ് അദ്ദേഹത്തിന് 'അന്ത്യനാളുകൾക്കു വെളിച്ചത്തിന്റെയും' 'മശിഹായുടെ വരവിന്റെ 10 അടയാളങ്ങൾ' എന്ന ലഘു പുസ്തകത്തിന്റെയും പതിപ്പുകളോടൊപ്പം ഒരു കത്ത് അയച്ചു. കത്തിൽ അദ്ദേഹം കുറിച്ചു:

'അടുത്ത കാലത്ത് നടത്തിയ പ്രസംഗത്തിൽ താങ്കൾ പറഞ്ഞു, 'കാര്യങ്ങൾ മെച്ചമാകുന്നതിനു മുൻപ് അവ മോശമാകും.' ദൗർഭാഗ്യവശാൽ, അവമെച്ചമാകുന്നതിനുമുൻപ്, അവ വളരെ വളരെ മോശമാവും. അതിനുശേഷം, യേശുവിന്റെ മടങ്ങിവരവിൽ അവ വളരെ വളരെ മെച്ചമാകും. ഇതെങ്ങനെ സംഭവിക്കുന്നു എന്നു മനസ്സിലാക്കാൻ ഇതോടൊപ്പം അയച്ചിരിക്കുന്ന മാസികയും ലഘുപുസ്തകവും ദയവായി വായിക്കുക'.

കാര്യങ്ങൾ മെച്ചമാകുന്നതിനുമുൻപ് അവ വളരെ വളരെ മോശമാകുമെന്ന് എന്തുകൊണ്ടാണ് ഞാൻ പറഞ്ഞത്? രണ്ടു കാരണങ്ങൾ ഉണ്ട്:

**1. പ്രവചനങ്ങൾ നിറവേറപ്പെടണം.** (മത്തായി 26:56). ലോകത്തിൽ ഏതു രാജ്യത്തിൽ അധികാരത്തിലിരിക്കുന്നവരായാലും ബൈബിളിൽ അന്ത്യകാലത്തെപ്പറ്റി പ്രവചിച്ചിരിക്കുന്ന സാഹചര്യങ്ങൾ അവർ ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. പൊതുവെയുള്ള മോശമായ സാഹചര്യങ്ങൾ ഇതൊക്കെയാണ്: 'ദുർഘട സമയങ്ങൾ' (2 തിമൊ. 3), 'അധർമ്മം പെരുകും', അതോടൊപ്പം യുദ്ധങ്ങളും ക്ഷാമങ്ങളും മഹാമാരികളും ഭൂകമ്പങ്ങളും പീഡനങ്ങളും ഉണ്ടാകും (മത്തായി 24:3-14). ഭൂമിയെ കൊടിയ കഷ്ടത്തിന്റെ ഒരു സമയത്തിലേക്കും (മത്താ. 24:15-31), സ്വേച്ഛാധിപത്യ ലോകസംവിധാനത്തിലേക്കും ഇത് നയിക്കും (വെളിപ്പാട് 13).

**2. അടിസ്ഥാനങ്ങൾ നശിപ്പിക്കപ്പെട്ടു.** സങ്കീർത്തനങ്ങൾ 11-ൽ നാം വായിക്കുന്നു, ***'അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാൻ എന്തുചെയ്യും?'*** ബ്രിട്ടനെ സംബന്ധിച്ച്, ക്രൈസ്തവ വിശ്വാസത്തെ നിരാകരിച്ചതു കാരണം ആ സമൂഹത്തെ ഊട്ടിയുറപ്പിച്ചിരുന്ന സാമൂഹിക ആത്മീയ അടിസ്ഥാനങ്ങൾ നശിച്ചിരിക്കുന്നു. സർക്കാരിന് ഈ അടിസ്ഥാനങ്ങൾ നന്നാക്കാൻ കഴിയില്ല. പകരം, അവയൊക്കെ നശിപ്പിക്കാൻ അത് അതിന്റേതായ പങ്കു വഹിക്കും.

## ബ്രിട്ടന് എന്തുപറ്റി?

ക്രൈസ്തവ വിശ്വാസത്തിനും ബൈബിളിനും ബ്രിട്ടന്റെ മേൽ ഉദാത്തമായ സ്വാധീനമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ, സത്യദൈവത്തെയും ബൈബിളിനെയും വർഷങ്ങളായി തിരസ്കരിച്ചതുകൊണ്ട് വിശ്വാസം ഇപ്പോൾ ദുർബലപ്പെട്ടിരിക്കുന്നു. മിക്ക യൂറോപ്യൻ രാജ്യങ്ങളിലും വടക്കെ അമേരിക്കയിലും ഇതുതന്നെ സംഭവിക്കുമ്പോൾ അതിന്റെ അനന്തരഫലമായി നമ്മുടെ സമൂഹങ്ങളുടെ അടിസ്ഥാനം ഇളകുകയാണ്.

2700 വർഷങ്ങൾക്ക് മുൻപ് പ്രവാചകനായ യെശയ്യാവ് തന്റെ ജനത്തിന്റെ മേൽ ദൈവത്തിന്റെ ന്യായവിധി ഇറങ്ങാനുള്ള കാരണത്തെപ്പറ്റി മുന്നറിയിപ്പ് നൽകി: ***'അയ്യോ പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന***

*ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ!...... അവർ യഹോവയെ ഉപേക്ഷിച്ച് യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ചു പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു......... തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ടു മുടിവരെ ഒരു സുഖവും ഇല്ല; മുറിവും ചതവും പഴുത്തവ്രണവും മാത്രമേ ഉള്ളു; അവയെ ഞെക്കി കഴുകിട്ടില്ല, വച്ചു കെട്ടിയിട്ടില്ല, എണ്ണ പുരട്ടി ശമിപ്പിച്ചിട്ടുമില്ല. നിങ്ങളുടെ ദേശം ശൂന്യമായി നിങ്ങളുടെ പട്ടണങ്ങൾ തീക്കിരയായി; നിങ്ങൾ കാൺകെ അന്യജാതിക്കാർ നിങ്ങളുടെ നാട് തിന്നുകളയുന്നു; അത് അന്യജാതിക്കാർ ഉന്മൂലനാശം ചെയ്തതു പോലെ ശൂന്യമായിരിക്കുന്നു. സീയോൻ പുത്രി, മുന്തിരിത്തോട്ടത്തിലെ കുടിൽ പോലെയും വെള്ളരിത്തോട്ടത്തിലെ മാടം പോലെയും നിരോധിച്ച പട്ടണം പോലെയും ശേഷിച്ചിരിക്കുന്നു* (യെശ. 1 :4-8).

തല മുതൽ പാദം വരെ രോഗം ബാധിച്ച ഒരു ശരീരവുമായി പ്രവാചകൻ തന്റെ രാജ്യത്തിന്റെ അവസ്ഥയെ തുലനം ചെയ്യുന്നു. ശരീരത്തെ മുഴുവൻ നിയന്ത്രിക്കുന്ന തലയ്ക്കു മുറിവേറ്റിരിക്കുന്നു, അതുകൊണ്ട് സുബോധത്തോടെ അത് പ്രവർത്തിക്കുന്നില്ല. ആത്മീയ വൈകാരിക മണ്ഡലമായ ഹൃദയമാണ് ബാധിക്കപ്പെട്ടത്. അതു മൂലം മുഴുവൻ ശരീരവും വേണ്ടതുപോലെ പ്രവർത്തിക്കുന്നില്ല. രാജ്യത്തിന്റെ തലപ്പത്തിരുന്ന് നയിക്കുന്നവർ മുതൽ സമൂഹത്തിന്റെ അടിത്തട്ടിലുള്ളവർ വരെയുള്ള സകല ദേഹങ്ങൾക്കും രോഗം ബാധിച്ചിരിക്കുന്നു. ഒരു മരുന്നും ശരീരത്തിൽ തേച്ചിട്ടില്ല. അതുകൊണ്ട്, അത് അഴുകിപ്പോകുന്നു. രോഗാവസ്ഥയിൽ നിന്ന് ശരീരത്തിന് സൗഖ്യം കണ്ടെത്താൻ കഴിയാതെ ഈ രീതിയിൽ തുടർന്നാൽ അതിന് മരണം സംഭവിക്കും.

സമൂഹത്തിന്റെ എല്ലാ മേഖലകളിലും ദൈവത്തെ തിരസ്കരിക്കുന്നതും തന്നോടുള്ള മത്സരവും പ്രവാചകൻ കാണുന്നു. ഈ അപചയം മതനേതാക്കൾക്കും ബാധകമാണ്. ദൈവവചനത്തിലെ സത്യോപദേശം ഉപേക്ഷിച്ചിട്ട് വിഗ്രഹാരാധനയ്ക്കും വ്യാജ ദൈവങ്ങൾക്കും അവർ വഴങ്ങിക്കൊടുത്തു. അതുകൊണ്ട്, കപടഭക്തി നിറഞ്ഞ അവരുടെ മതകർമ്മങ്ങളെ ദൈവം തിരസ്കരിച്ചു. അത് വെറും സമയനഷ്ടമായിരുന്നു.

## രാജ്യത്തിന്റെ സാമൂഹിക സ്ഥിതി

രാജ്യം ദൈവത്തിൽ നിന്ന് അകന്നുപോയ നിരാശാജനകമായ അവസ്ഥയെപ്പറ്റി യെശയ്യാവിൽ നാം വായിക്കുന്നു: *'നിങ്ങളുടെ ദേശം ശൂന്യമായി നിങ്ങളുടെ പട്ടണങ്ങൾ തീക്കിരയായി; നിങ്ങൾ കാൺകെ അന്യജാതിക്കാർ നിങ്ങളുടെ നാടു തിന്നുകളയുന്നു; അത് അന്യജാതിക്കാർ ഉന്മൂലനാശം ചെയ്തതു പോലെ ശൂന്യമായിരിക്കുന്നു..... വിശ്വസ്തനഗരം വേശ്യയായി തീർന്നിരിക്കുന്നത് എങ്ങനെ! അതിൽ ന്യായം നിറഞ്ഞിരുന്നു; നീതി വസിച്ചിരുന്നു; ഇപ്പോഴോ, കൊലപാതകന്മാർ. നിന്റെ വെള്ളി കീടമായും നിന്റെ വീഞ്ഞു വെള്ളം ചേർന്നും ഇരിക്കുന്നു. നിന്റെ പ്രഭുക്കന്മാർ മത്സരികൾ; കള്ളന്മാരുടെ കൂട്ടാളികൾതന്നെ; അവർ ഒക്കെയും സമ്മാന പ്രിയരും പ്രതിഫലം കാംക്ഷിക്കുന്നവരും ആകുന്നു; അവർ അനാഥനു ന്യായം നടത്തിക്കൊടുക്കുന്നില്ല; വിധവയുടെ വ്യവഹാരം അവരുടെ അടുക്കൽ വരുന്നതുമില്ല.'*

ഇന്ന് ബ്രിട്ടനിൽ പൊതുവായി സാമൂഹിക അപചയം കാണാൻ കഴിയുന്നു. കാരണം, ഒരിക്കൽ രാജ്യം എന്ത് അടിസ്ഥാനത്തിലാണോ പണിയപ്പെട്ടത്, ആ പ്രാഥമിക മൂല്യങ്ങളും സംസ്കാരവും സുസ്ഥിരതയും നഷ്ടപ്പെട്ടിരിക്കുന്നു. സമൂഹത്തിൽ അക്രമം വർധിച്ചുകൊണ്ടിരിക്കുന്നു, കത്തിയാക്രമണങ്ങളും വിവേകശൂന്യമായ കൊലപാതകങ്ങളും സമൂഹത്തെ ഗ്രസിക്കുന്നു. ജയിലുകൾ നിറയുന്നത് കാരണം, തട

വുപുള്ളികളെ നേരത്തെ മോചിപ്പിക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. ബ്രിട്ടനിലെ നിരവധി മേഖലകളിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളും, ശബ്ദമലിനീകരണവും, വിധ്വംസന ശീലവും ഹീനമായ ആക്രമണവും കൈയേറ്റവും മൂലം ജനജീവിതത്തിന് താളപ്പിഴ സംഭവിച്ചുകൊണ്ടിരിക്കുന്നു. പൊലീസിൽ പരാതിപ്പെട്ടാൽ മിക്കവാറും അവരൊന്നും ചെയ്യില്ല. പകരം, അതിന് ഉത്തരവാദികളായവരിൽ നിന്ന് അവർക്ക് ഭീഷണിയും ശല്യവും അക്രമവും നേരിടാം. ഉന്നതസ്ഥാനങ്ങളിൽ നടക്കുന്ന അഴിമതിയെപ്പറ്റിയും അധികാരത്തിൽ ഇരിക്കുന്നവർ ദുർബലരെ അവഗണിക്കുന്നതിനെപ്പറ്റിയും ഇപ്പോൾ സ്ഥിരമായി കേൾക്കുന്നു.

യെശയ്യാവ് എഴുതി, ***'നിന്റെ വെള്ളി കീടമായും ഇരിക്കുന്നു'.*** വെള്ളിയുടെ എബ്രായ വാക്കായ കെസഫ്, പണത്തിനു എബ്രായ ഭാഷയിൽ ഉപയോഗിക്കുന്ന സാധാരണ പദമാണ്. ജീവിത പ്രതിസന്ധി മൂലം നിരവധി ആളുകളാണ് ആഹാരത്തിനും വാടകയ്ക്കും വീട് ചൂടാക്കാനാവശ്യമായ ഊർജ്ജത്തിനും ബുദ്ധിമുട്ട് അനുഭവിക്കുന്നത്. യഥാസ്ഥിതിക സർക്കാർ സാമ്പത്തിക മേഖലയിൽ ഒരു 'തമോഗർത്തം' (black hole) ഇട്ടിട്ടു പോയതിന് ഇപ്പോഴത്തെ സർക്കാർ അവരെ പഴിക്കുകയാണ്. അടുത്ത ബജറ്റിൽ നികുതി വർധിപ്പിച്ച് അതിനെ അതിജീവിക്കാമെന്ന് സർക്കാർ വൃത്തങ്ങൾ പ്രത്യാശിക്കുന്നു. പുതിയ സർക്കാരിന്റെ നയങ്ങൾ രാജ്യം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി വഷളാക്കുമെന്ന് നിരവധി രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു.

യെശയ്യാവ് മറ്റൊരു സാഹചര്യത്തെപ്പറ്റിയും സംസാരിച്ചു: 'നിങ്ങൾ കാൺകെ അന്യജാതിക്കാർ നിങ്ങളുടെ നാടു തിന്നുകളയുന്നു'. അപരിചിതർ / കുടിയേറ്റക്കാർ ആ നാട് തിന്നുകളയുന്ന നിരവധി സാഹചര്യങ്ങൾ നാം കാണുന്നു. വ്യവസായവിപ്ലവം കാരണം ബ്രിട്ടൻ ഒരു വൻ സാമ്പത്തിക ശക്തിയായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യം മുഖാന്തരം ബ്രിട്ടനിലെ വ്യവസായ ശാലകൾ എല്ലാത്തരത്തിലുമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ലോകമെമ്പാടും കയറ്റി അയച്ചുകൊണ്ടിരുന്നു. അത് ഇപ്പോൾ ഏകദേശം അവസാനിച്ചിരിക്കുന്നു. ഖനികൾ, ഇരുമ്പ് വ്യവസായങ്ങൾ, കപ്പൽ നിർമ്മാണം, വസ്ത്ര നിർമ്മാണം, മറ്റു വ്യവസായങ്ങൾ എന്നിവയൊക്കെ അടച്ചുപൂട്ടുന്നു. ഇപ്പോൾ ഈ ഉൽപ്പന്നങ്ങൾ എല്ലാം ചൈനയിലോ, ഇന്ത്യയിലോ, മറ്റു ഏഷ്യൻ രാജ്യങ്ങളിലോ നിർമ്മിച്ചിട്ട് അവിടെ നിന്ന് ഇറക്കുമതി ചെയ്യുന്നു. ബ്രിട്ടനിൽ ഇപ്പോൾ ബാക്കിയുള്ളതിൽ ഭൂരിഭാഗവും വിദേശ നിക്ഷേപകർ വാങ്ങിക്കഴിഞ്ഞു. അതുകൊണ്ട്, ഇനി 'ബ്രിട്ടനിൽ നിർമ്മിതം' ഇല്ല, ബ്രിട്ടന്റെ ഉടമസ്ഥതയുമില്ല.

എന്നാൽ, കൂട്ടമായ കുടിയേറ്റവും വ്യാപകമായ ഇസ്ലാമികവൽക്കരണവും യൂറോപ്പിലെമ്പാടും വലിയ പ്രശ്നം സൃഷ്ടിക്കുന്നു. അത് സാമൂഹിക സഹവർത്തിത്വത്തെ തകിടം മറിക്കുന്നു. പാശ്ചാത്യ സമൂഹത്തിന്റെ സംസ്കാരവും ചരിത്രവും ക്രിസ്തീയ അടിസ്ഥാനവും ദുർബലപ്പെടുകയും അതിനു പകരം ഇക്കൂട്ടർ സകലവും കയ്യടക്കുമെന്ന ഭയവും ഇതിനോടൊപ്പം വരുന്നു. ഇടതു പക്ഷവും മിതവാദ ശക്തികളും ബഹുസാംസ്കാരികതയെ പ്രോത്സാഹിപ്പിക്കുന്നു. അത് സമൂഹത്തിന്റെ പരമ്പരാഗത മൂല്യങ്ങളെ ആക്രമിക്കാൻ പാതയൊരുക്കുന്നു. ബഹുസാംസ്കാരികത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എല്ലാ സംസ്കാരങ്ങളും മതങ്ങളും തുല്യമാണെന്ന് നാം അംഗീകരിക്കണമെന്നാണ്. അതുകൊണ്ട് ആതിഥ്യം കൊടുക്കുന്ന രാജ്യത്തിന്റെ സംസ്കാരം സ്വീകരിക്കേണ്ട ആവശ്യകതയില്ല. പ്രത്യേകിച്ച്, ക്രൈസ്തവ വിശ്വാസത്തിൽ സത്യദൈവത്തിലേക്ക് നയിക്കുന്ന നിസ്തുലമായ സത്യം അടങ്ങിയിട്ടുണ്ടെന്ന് പറയാൻ കഴിയില്ല.

അതിന്റെ ഫലമായി ബ്രിട്ടന് ഒരിക്കൽ അതിന്റെ അടിസ്ഥാനമായിരുന്ന പ്രാഥ

മിക മൂല്യങ്ങളും സ്ഥിരതയും നഷ്ടപ്പെട്ടു. പ്രത്യേകിച്ച്, ക്രൈസ്തവ വിശ്വാസത്തിനു പകരം ലോകത്തിലെ പ്രമുഖ മതമായി മാറാൻ ലക്ഷ്യമിടുന്നവരുണ്ട്. കുടിയേറ്റത്തിലൂടെയും ഉയർന്ന ജനനനിരക്കിലൂടെയും 2050 ആവുമ്പോഴേക്കും ആ ലക്ഷ്യം നേടാനാകുമെന്ന് അവർ കരുതുന്നു. ഇതു സംബന്ധമായി അടുത്തകാലത്ത് ഇറങ്ങിയ ഒരു ചലച്ചിത്രം യൂറോപ്യൻ ഭൂഖണ്ഡത്തിലെമ്പാടും അതെങ്ങനെ സംഭവിക്കുന്നുവെന്ന് വിവരിക്കുന്നു. പ്രമുഖ നഗരങ്ങളിൽ ക്രിസ്ത്യാനികൾ ന്യൂനപക്ഷമായി മാറുന്നു. അന്യമത നിയമങ്ങളും ആചാരങ്ങളും ജീവിതത്തിന്റെ എല്ലാ മേഖലയിലും മേധാവിത്വം പുലർത്തുന്ന സാമാന്തര സമൂഹങ്ങൾ ഇവിടങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു.

ഫ്രാൻസിൽ ഏതാണ്ട് 750 പ്രത്യേക മേഖലകൾ അപകടകരമായ സാഹചര്യത്തെ നേരിടുന്നു. അവിടെ തീവ്ര നിലപാടുകാരായ സംഘങ്ങളും, മത പുരോഹിതരും ആ സ്ഥലങ്ങളിൽ ഭരണം നടത്തുന്നു. മറ്റു മത വിഭാഗങ്ങൾക്ക് ഇപ്പോഴും അവിടെ ജീവിക്കാം, ഒരു വ്യവസ്ഥ അംഗീകരിച്ചുകൊണ്ട് മാത്രം. തങ്ങൾ ദിമ്മികൾ (അനുവദിക്കപ്പെട്ട രണ്ടാം തരം പൗരന്മാർ) ആണെന്നും, മറ്റൊരു മതക്കാർ ഭരിക്കുന്ന ഒരു പ്രദേശത്താണ് തങ്ങൾ ജീവിക്കുന്നതെന്നും അവർ അംഗീകരിക്കണം. ആക്കൂട്ടത്തിലെ കുറ്റവാളി സംഘങ്ങളിൽപ്പെട്ടവർ പോലീസിനെ ഇപ്പോൾ ബഹുമാനിക്കുന്നില്ല. ഒരു പോലീസ് ഓഫീസറും കുറ്റവാളി സംഘത്തിലെ അംഗവും തമ്മിൽ എന്തെങ്കിലും പ്രശ്നം ഉണ്ടായാൽ ലഹള ആരംഭിക്കുന്നു. കാര്യങ്ങൾ വഷളാവുകയാണെങ്കിൽ, ആരെയും അറസ്റ്റ് ചെയ്യരുതെന്ന് പോലീസിന് മുകളിൽ നിന്ന് നിർദ്ദേശം ലഭിക്കുന്നു.

ഈ വിഷയത്തെപ്പറ്റി സംസാരിക്കാൻ രാഷ്ട്രീയക്കാർക്ക് ഭയമാണ്. സ്ഥിതി കൂടുതൽ ഭയാനകമാണെന്നും വർധിച്ചു വരുന്ന മതതീവ്രവാദ അപകടം ഫ്രാൻസിന് ഭീഷണിയാണെന്നും പറയാൻ രാഷ്ട്രീയ നേതാവും മുൻ പത്രപ്രവർത്തകനുമായ എറിക് സെമ്മോർ ധൈര്യം കാണിച്ചു. 'മറ്റൊരു സമുദായത്തോട് വിവേചനവും വിദ്വേഷവും ഉളവാക്കുന്നു' എന്ന കാരണം പറഞ്ഞ് അദ്ദേഹത്തിന്റെ പ്രസ്താവനയ്ക്ക് നിരവധി പ്രാവശ്യം നിയമനടപടി നേരിടേണ്ടി വന്നു.

ഫ്രാൻസിലെ സാഹചര്യത്തിനു സമാനമായ സ്ഥിതിവിശേഷം മറ്റു യൂറോപ്യൻ രാജ്യങ്ങളിലും കാണാം. അവിടെയൊക്കെ തീവ്രവാദികളുടെ ജനസംഖ്യ ചെറുതാണെങ്കിലും വളർന്നുകൊണ്ടിരിക്കുന്നു. ജർമ്മനിയിൽ അന്യമത നിയമ മേഖലകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ട്. അതുപോലെ ബെൽജിയത്തിലും സ്വീഡനിലും നെതർലാൻഡ്സിലും സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഇതിനോടൊപ്പം, പാശ്ചാത്യ ഉൽപതിഷ്ണുക്കളും സോഷ്യലിസ്റ്റുകളും തുടർച്ചയായി യൂറോപ്യൻ ചരിത്രത്തെയും സംസ്കാരത്തെയും തരംതാഴ്ത്തി കാണിക്കുന്നു. ബ്രിട്ടനിൽ ഇടതു പക്ഷ പ്രമാണങ്ങളായ വിമർശനാത്മക വംശ സിദ്ധാന്തവും, പരമ്പരാഗത വിശ്വാസങ്ങളെ താറടിക്കുന്ന പഠിപ്പിക്കലുകൾ വിദ്യാലയങ്ങളിലും, സർവ്വകലാശാലകളിലും യുവജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നു. അത് പരമ്പരാഗത ബ്രിട്ടീഷ് സമൂഹത്തെ തിന്മയുടെ വക്താക്കളായും വംശീയ വാദികളായും മുദ്രകുത്തുന്നു. സമൂഹത്തിന്റെ സാംസ്കാരിക അടിസ്ഥാനത്തിനു നേരെയുള്ള ആക്രമണം ഇടതുപക്ഷ ചിന്താഗതിയിൽ നിന്നാണ് ഉത്ഭവിക്കുന്നത്. അതുകൊണ്ട്, സർക്കാരിലെ ലേബർ പാർട്ടി അതിന് വിപരീതമായി നീങ്ങില്ല.

ക്രൈസ്തവ വിശ്വാസത്തെ അത് നിഷേധാത്മകമായി ബാധിക്കുന്നു. കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി ബ്രിട്ടനിൽ നിലനിന്നിരുന്ന പ്രമുഖ സംസ്കാരത്തെ ക്രൈസ്തവ വിശ്വാ

സമാണ് സ്വാധീനിച്ചത്. ചിലത് നല്ല രീതിയിലും മറ്റു ചിലത് നല്ലതല്ലാത്ത രീതിയിലും. അടിമത്ത നിർമ്മാർജനം ഉൾപ്പെടെ നിരവധി സാമൂഹിക പരിഷ്ക്കാരങ്ങളെ യഥാർത്ഥ ക്രൈസ്തവ വിശ്വാസം സ്വാധീനിച്ചു. അത് അവരുടെ നിരവധി നിയമങ്ങളുടെ അടിസ്ഥാനമായി മാറി. അത് ആ രാജ്യത്തിന്റെ നിയമവ്യവസ്ഥയെയും വിദ്യാഭ്യാസ സംവിധാനത്തെയും സംസ്കാരത്തെയും മാധ്യമത്തെയും സ്വാധീനിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ ക്രൈസ്തവ മിഷനറിമാർ ക്രൈസ്തവ വിശ്വാസവുമായി ലോകമെമ്പാടും പോയി. അവർ അവിടെയെല്ലാം ക്രൈസ്തവ സഭകൾ സ്ഥാപിച്ചു. ഈ ഉദ്യമത്തിൽ ബ്രിട്ടൻ മുഖ്യ പങ്കു വഹിച്ചു.

നാനാത്വ പരിപാടി ഇപ്പോൾ പഠിപ്പിക്കുന്നത് ഇതൊക്കെ കാരണം അവർക്ക് നാണം തോന്നണമെന്നാണ്. നിയമങ്ങളുടെയും ആ രാജ്യത്തിന്റെ മൂല്യങ്ങളുടെയും അടിസ്ഥാനമായ, ചരിത്രത്തിനും ജീവിതശൈലിക്കും മേലുള്ള സ്വാധീനമായ ക്രൈസ്തവ വിശ്വാസത്തിന്റെ പ്രാമുഖ്യത്തിനുവേണ്ടി വാദിക്കരുത്. എല്ലാ ദൈവങ്ങളും തുല്യരാണെന്ന് പഠിപ്പിക്കണം. ദൈവം ഒന്നേയുള്ളൂ എന്നും ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ യേശു ക്രിസ്തുവാകുന്ന ഒരേയൊരു മധ്യസ്ഥനേയുള്ളൂ എന്നും പറയാനാവില്ല (1 തിമൊ. 2:5).എന്നാൽ യേശു പറഞ്ഞു, ***'ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല'*** (യോഹ. 14:6).

ബൈബിൾ പറയുന്നു, *'ജാതികളുടെ ദേവന്മാരൊക്കെയും മിത്ഥ്യാമൂർത്തികളത്രേ'* (സങ്കീ. 96:5). മോശെയുമായുള്ള ഉടമ്പടിയിൽ, അതുപോലുള്ള ദേവന്മാരെ ആരാധിക്കുന്നതിൽ നിന്ന് യിസ്രായേല്യരെ വിലക്കിയിരുന്നു. ദൈവത്തെ യേശുക്രിസ്തുവിലൂടെ മാത്രം ആരാധിക്കുവാനാണ് ക്രൈസ്തവരോടു പുതിയ നിയമം ആവശ്യപ്പെടുന്നത് (1 കൊരി. 8). ഇത് സത്യമാണെന്ന് നാം വിശ്വസിക്കുകയാണെങ്കിൽ, ബഹുവിശ്വാസ, ബഹുസാംസ്കാരിക വിഷയങ്ങൾ വരുമ്പോൾ നമുക്ക് പ്രശ്നം ഉണ്ടാകുന്നു. യേശു ദൈവത്തിന്റെ പുത്രൻ ആണെന്നും, പിതാവിനോട് തുല്യനാണെന്നും നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ച്, എല്ലാ വിശ്വാസികൾക്കും പാപക്ഷമയും നിത്യജീവനും നൽകാൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റെന്നുമുള്ള ക്രൈസ്തവ വിശ്വാസത്തിന്റെ മുഖ്യ ഉപദേശം ഇപ്പോൾ നിരസിക്കപ്പെട്ടുകാണുന്നു. 1 യോഹന്നാൻ 2 പ്രകാരം അത് എതിർ ക്രിസ്തുവിന്റെ ഉപദേശമാണ്.

നിരവധി പാശ്ചാത്യർ വ്യായാമത്തിനും ആത്മീയ വികാസത്തിനും വേണ്ടി ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന യോഗികളുടെ ഉപദേശം നമുക്ക് അംഗീകരിക്കാൻ കഴിയില്ല. ധ്യാനത്തിലൂടെയും കായിക വ്യായമത്തിലൂടെയും നിങ്ങളുടെ ഉള്ളിൽത്തന്നെ ദൈവത്തെ കണ്ടെത്തുന്ന ഉപദേശത്തിലേക്കാണ് ആത്യന്തികമായി ഇവയെല്ലാം വിരൽ ചൂണ്ടുന്നത്. ബൈബിൾ പഠിപ്പിക്കുന്നത് നമ്മുടെ ഉള്ളിൽ മനുഷ്യന്റെ പാപ പ്രകൃതമാണുള്ളതെന്നാണ്. അനുതാപത്തിലൂടെയും കർത്താവായ യേശുവിലുള്ള വിശ്വാസത്തിലൂടെയും അതിൽ നിന്ന് നാം സ്വാതന്ത്ര്യം പ്രാപിക്കുകയും നമുക്ക് പുറത്തുള്ള യേശുവിനെ നമ്മുടെ ജീവിതത്തിലേക്ക് വരാൻ സ്വാഗതം ചെയ്യുകയും ചെയ്യണം.

അന്യമതോപദേശങ്ങളും, പാശ്ചാത്യവൽക്കരിക്കപ്പെട്ട പൗരസ്ത്യ സിദ്ധാന്തങ്ങളും ബൈബിളിനു വിരുദ്ധമാണ്. മറ്റു മതവിഭാഗങ്ങളെ നാം വെറുക്കണമെന്ന് അത് അർത്ഥമാക്കുന്നില്ല. നമ്മുടെ വിശ്വാസത്തോട് ശത്രുതാ മനോഭാവം കണ്ടാലും, യേശു നമ്മോട് പറഞ്ഞത് നമ്മുടെ ശത്രുക്കളെ സ്നേഹിക്കാനാണ്! നാം അവരുടെ മത വിശ്വാസങ്ങൾക്ക് വഴങ്ങണമെന്നും ബൈബിൾ

അടിസ്ഥാനത്തിലുള്ള യേശു ക്രിസ്തുവിലെ വിശ്വാസത്തിന് സമാനമായി അവരുടെ മതത്തെയും ഉൾപ്പെടുത്തണമെന്നും അത് അർത്ഥമാക്കുന്നില്ല. ഒന്നുകിൽ നാം വിശ്വസിക്കുന്നത് സത്യമാണ് അല്ലെങ്കിൽ അവർ വിശ്വസിക്കുന്നത് സത്യമാണ്. എന്നാൽ അവ രണ്ടും ഒരുപോലെ സത്യമാകില്ല.

## യഥാർത്ഥ അടിസ്ഥാനം

ഇതെല്ലാം യൂറോപ്യൻ രാഷ്ട്രങ്ങളുടെ പ്രത്യേകിച്ച് ബ്രിട്ടന്റെ ആത്മീയ അടിത്തറയെ ഗൗരവമായ രീതിയിൽ ദുർബലപ്പെടുത്തുകയാണ്. ഈ അടിസ്ഥാനങ്ങൾ നന്നാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ബൈബിളിലെ ദൈവത്തിലേക്ക് മടങ്ങിപ്പോകുന്നതിലൂടെ മാത്രമേ സാധിക്കൂ. യെശയ്യാവിലേക്ക് മടങ്ങിവരാം, ദൈവം തന്റെ തലമുറയോട് പറഞ്ഞു: *'സൈന്യങ്ങളുടെ യഹോവ നമുക്ക് അത്യല്പമായോരു ശേഷിപ്പു വെച്ചിരുന്നില്ലെങ്കിൽ നാം സൊദോം പോലെ ആകുമായിരുന്നു; ഗൊമോറെക്കു സദൃശമാകുമായിരുന്നു.'* (യെശ. 1 :9).

ഇവിടെ ശേഷിപ്പ് സൂചിപ്പിക്കുന്നത് കർത്താവിലെ സത്യ വിശ്വാസികളെയാണ്. അവരുടെ ജീവിതം പടുത്തുയർത്തിയിരിക്കുന്നത് ദൈവത്തിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. ദുഷിച്ച ഒരു സമൂഹത്തിന്റെ മധ്യത്തിൽ ദൈവീക സത്യങ്ങൾക്ക് വേണ്ടി അവർ ഉറച്ചുനിൽക്കുന്നു. അവരുടെ സ്വാധീനം നിങ്ങൾ എടുത്തുകളയുകയാണെങ്കിൽ, ദൈവത്താൽ സോദോം ഗോമേറയെ നശിപ്പിക്കപ്പെട്ടതുപോലെ ഈ സമൂഹവും ദൈവത്താൽ നശിപ്പിക്കപ്പെടും. ഉല്പത്തി 18-ൽ ദൈവം അബ്രാഹാമിനോട് സംസാരിക്കുന്നു. സോദോമിൽ നാശം വരാൻപോവുകയാണെന്ന് മുന്നറിയിപ്പ് നൽകുന്നു. അബ്രാഹാം പട്ടണത്തിനു വേണ്ടി മധ്യസ്ഥത വഹിക്കുന്നു. പത്തു ഭക്തന്മാരുടെ ഒരു ശേഷിപ്പ് കണ്ടാൽ പട്ടണത്തെ നശിപ്പിക്കില്ലെന്ന് ദൈവം പറയുന്നു. താൻ അതിനെ സംരക്ഷിക്കും. ഒടുവിൽ, കുറഞ്ഞത് പത്തു പേരെയെങ്കിലും കാണാൻ കഴിയാഞ്ഞതുകൊണ്ട് ദൈവം പട്ടണത്തെ നശിപ്പിച്ചു.

ഈ ശേഷിപ്പിന്റെ ജനതയുടെ ഭാഗമാവാൻ, മാനസാന്തരപ്പെടാനും കർത്താവിലേക്ക് തിരിയാനും യെശയ്യാവ് ജനത്തോട് പറയുന്നു: *'നന്മ ചെയ്‌വാൻ പഠിപ്പിൻ; ന്യായം അന്വേഷിപ്പിൻ; പീഡിപ്പിക്കുന്നവനെ നേർവ്വഴിക്കാക്കുവിൻ; അനാഥനു ന്യായം നടത്തിക്കൊടുപ്പിൻ; വിധവയ്ക്കു വേണ്ടി വ്യവഹരിപ്പിൻ. വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസ്സുവെച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മത്സരിക്കുന്നു എങ്കിലോ നിങ്ങൾ വാളിനിരയായിത്തീരും; യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു'* (യെശ. 1 :17–20).

അങ്ങനെ ചെയ്യുന്നവർ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലും കർത്താവിനോടുള്ള അനുസരണത്തിലും അവരുടെ ജീവിതങ്ങളെ പണിയുന്നു. യേശു ഗിരിപ്രഭാഷണത്തിൽ പറഞ്ഞു, *'ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവനൊക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടുപണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ച് ആ വീട്ടിന്മേൽ അലച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു"* (മത്തായി 7:24–27). *

# കാലത്തിന്റെ അടയാളങ്ങൾ

## ഐക്യരാഷ്ട്രസഭയുടെ 'ഭാവി ഉച്ചകോടി'

ആഗോള ഭരണനിർവഹണത്തെ രൂപാന്തരപെടുത്താൻ തലമുറയിൽ ഒരിക്കൽ മാത്രം കിട്ടുന്ന അവസരമായി ഐക്യരാഷ്ട്രസഭയുടെ 'ഭാവി ഉച്ചകോടിക്ക്' വൻ പ്രചാരണം ലഭിക്കുന്നു. ന്യൂയോർക്ക് നഗരത്തിലെ, ഐക്യരാഷ്ട്രസഭയിൽ, 2024 സെപ്റ്റംബർ 22-23 തീയതിയിലാണ് അത് നടന്നത്. ഈ ഉച്ചകോടിയുടെ പ്രധാനപ്പെട്ട മുൻഗണന 'ആഗോള ഭരണനിർവ്വഹണത്തെ രൂപാന്തരപ്പെടുത്തുകയും സുസ്ഥിര വികസനത്തിനു വേണ്ടിയുള്ള 2030 കാര്യപരിപാടിയുടെ നടപ്പാക്കലിന് ഊർജ്ജം പകരുകയും ചെയ്യുക' എന്നതായിരുന്നു.

അടുത്ത 'ആഗോള ആഘാതം' എപ്പോഴാണെന്ന് നിർണ്ണയിക്കാൻ തന്നെ പ്രാപ്തനാക്കുന്ന ഒരു വോട്ടിനു വേണ്ടി അടുത്ത യോഗത്തിൽ അപേക്ഷിക്കാൻ ഐക്യരാഷ്ട്ര സെക്രട്ടറി അന്തോണിയോ ഗുട്ടറെസ് ഉദ്ദേശിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള ആഗോള ആഘാതം ഏതു രാജ്യത്തിലും സംഭവിക്കാമെന്നതുകൊണ്ട്, അതിന്റെ പ്രതികരണമായി ലോകത്തിനുവേണ്ടി ഒരു 'അടിയന്തര സമിതി' സംഘടിപ്പിക്കാൻ ഈ വോട്ട് അദ്ദേഹത്തെ നിയുക്തനാക്കും.

ഇതുപോലുള്ള നിരവധി സമ്മേളനങ്ങളിൽ പങ്കെടുത്ത അന്വേഷണ പത്രപ്രവർത്തകനായ അലക്സ് ന്യൂമാന്റെ അഭിപ്രായപ്രകാരം, സംഭവിക്കാൻ സാധ്യതയുള്ള ഈ പുതിയ 'ആഘാതത്തെ' ചെറുക്കാൻ ദേശീയ ഭരണകൂടങ്ങളുടെ പ്രസക്തമായ അധികാരങ്ങൾ പിടിച്ചെടുക്കാൻ സെക്രട്ടറി ജനറലിന് ഐക്യരാഷ്ട്രസഭയുടെ ഈ നിർദ്ദിഷ്ട 'അടിയന്തര സമിതി' അധികാരം നൽകും. ലോകത്തെ ഞെട്ടിക്കുന്ന ആ സംഭവം യഥാർത്ഥത്തിൽ എന്തായിരിക്കും? അത് എന്തും ആകാമെന്ന് അദ്ദേഹം പറയുന്നു. അത് ഒരു 'കരി അരയന്ന സംഭവം ' (black swan event) പോലും ആയിരിക്കാം. കരി അരയന്ന സംഭവത്തിന് നിഘണ്ടുവിൽ നൽകിയിരിക്കുന്ന നിർവചനം, 'പ്രവചനാതീതമോ അപ്രതീക്ഷിതമോ ആയി, ഉയർന്ന ആഘാതം സൃഷ്ടിക്കാൻ കഴിയുന്ന ഒരു സംഭവം എന്നത്രേ.' മറ്റൊരു വാക്കിൽ പറഞ്ഞാൽ, അത് 'ഞാൻ പറയുന്നതെന്തും ആയിരിക്കും.' അടുത്ത സമയത്ത് ലോകത്ത് ആഞ്ഞടിച്ച കോവിഡ് മഹാമാരിയെ 'കരി അരയന്ന സംഭവം' ആയി കണക്കാക്കാം.

കാലാവസ്ഥാ വ്യതിയാനം, യുദ്ധം, സാമ്പത്തിക പ്രതിസന്ധി തുടങ്ങിയവയിൽ നിന്ന് ലോകത്തെ രക്ഷിക്കാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഇപ്പോഴത്തെ ആഗോള പ്രതിസന്ധിയെ അഭിമുഖീകരിക്കാനാണ് 2024 സെപ്റ്റംബറിലെ ഉച്ചകോടി ലക്ഷ്യമിട്ടത്. ഈ 'ഭാവിയുടെ ഉച്ചകോടിയുടെ' ഒരു സവിശേഷത ഒരു ആഗോള അംഗുലീ (digital) ചട്ടക്കൂടിനുവേണ്ടി അന്താരാഷ്ട്ര സാമ്പത്തിക രൂപകൽപനയുടെ പരിഷ്കാരങ്ങൾക്കുവേണ്ടിയുമുള്ള നിർദ്ദേശങ്ങൾ അതിൽ ഉണ്ടായിരുന്നതാണ്.

സമ്പൂർണ്ണ സാമ്പത്തിക സംവിധാനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന പുതിയ 'ഉച്ചസ്ഥാന ചട്ടക്കൂട്,' ഈ നിർദ്ദേശങ്ങളിൽ ഒന്നാണ്. അത് 'പരസ്പര സഹവർത്തിത്വം വർദ്ധിപ്പിക്കുകയും അതിന്റെ മുൻഗണനകളെ സുസ്ഥിര വികസനത്തിനു വേണ്ടിയുള്ള 2030 കാര്യപരിപാടിയുമായി പൊരുത്തപ്പെ

ടുത്തുകയും ചെയ്യുന്നു.' ഗുട്ടറെസിന്റെ അഭിപ്രായ പ്രകാരം, വർഷത്തിൽ രണ്ടു പ്രാവശ്യം ജി 20 – നും ഐക്യ രാഷ്ട്ര സാമ്പത്തിക സാമൂഹിക സമിതിയ്ക്കും അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളുടെ തലവന്മാരുടെ ഇടയിലും ഈ ഉച്ചകോടി നടത്തും. അത് ജി 20 നെ ഐക്യരാഷ്ട്ര സഭയുമായി കൂടുതൽ സമന്വയിപ്പിക്കും. സാമ്പത്തിക സുരക്ഷാ സമിതിയെന്നു വിളിക്കാവുന്ന ഒരു ചട്ടക്കൂടായി അത് മാറാം. ജി 20 – ൽ ഇപ്പോൾ അമേരിക്ക, ബ്രിട്ടൻ, യൂറോപ്യൻ യൂണിയൻ, ഇന്ത്യ, റഷ്യ, ചൈന, ജപ്പാൻ, ബ്രസീൽ സൗത്ത് ആഫ്രിക്ക, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങൾ ഉണ്ട്. മറ്റൊരു വാക്കിൽ പറഞ്ഞാൽ അമേരിക്ക നയിക്കുന്ന പാശ്ചാത്യ സഖ്യവും ചൈനയും ബ്രിക്സ് രാജ്യങ്ങളും നയിക്കുന്ന പൗരസ്ത്യ സഖ്യവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

'ഡിജിറ്റൽ ബന്ധനക്ഷമതയും' ആഗോള അംഗുലി ചട്ടക്കൂടിന്റെ സ്ഥാപനവും ഈ കാര്യപരിപാടിയുടെ സുപ്രധാന ഭാഗമാണ്. ആളുകളെയും സ്ഥാപനങ്ങളെയും ഉപകരണങ്ങളെയും വസ്തുക്കളെയും ഡിജിറ്റൽ ആയി ബന്ധിപ്പിക്കുന്ന ഒരു ശൃംഖലയെ ഈ സംവിധാനം പ്രവർത്തിപ്പിക്കുന്നവർ സൃഷ്ടിക്കും. ലോക സാമ്പത്തിക സമിതി അവരുടെ റിപ്പോർട്ടിൽ കുറിച്ച '2020-ൽ ആഗോള ലക്ഷ്യങ്ങൾക്കായി സാങ്കേതിക വിദ്യയെ വെളിപ്പെടുത്തുക' എന്ന നിർദ്ദേശം ഇതുതന്നെയാണ്. ഒരു അംഗുലി തിരിച്ചറിയൽ രേഖ ഈ പ്രക്രിയയിലെ മൂലക്കല്ലാണ്. ദാരിദ്ര്യം കുറയ്ക്കാനുള്ള മറ്റു മാർഗ്ഗങ്ങളിൽ ഒന്നായി ഇതിനെ കാണണം. അംഗുലി തിരിച്ചറിയൽ സംവിധാനം ലോകത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടു രാജ്യങ്ങളായ ചൈനയിൽ നിക്ഷേപ മതിപ്പ് (credit score) സംവിധാനമായും ഇന്ത്യയിൽ ആധാർ കാർഡ് ആയും ഇതിനകം പ്രാബല്യത്തിൽ വന്നുകഴിഞ്ഞു.

അപകടം എന്താണെന്നു വച്ചാൽ ഇത് സ്വേച്ഛാധിപത്യ ഭരണകൂടങ്ങളുടെ രൂപീകരണത്തിലേക്ക് നയിക്കും. ധന വിതരണവും അതുപയോഗിക്കാനുള്ള ജനങ്ങളുടെ പ്രാപ്തിയെയും നിയന്ത്രിക്കുന്നതിലൂടെ മനുഷ്യാവകാശങ്ങൾ ദുർബലപ്പെടുത്താൻ സാമൂഹ്യ നിക്ഷേപ സംവിധാനത്തെയും കേന്ദ്രീകൃത ബാങ്കിന്റെ അംഗുലി നാണയ വ്യവസ്ഥയേയും (CBDC) ഈ ഭരണകൂടങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. ഇത് ചൈനയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. അത് പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ, ദിവസം തോറും നിങ്ങൾക്ക് ആവശ്യമുള്ള ആഹാരം ലഭിക്കുന്നതിനുവേണ്ടി, ഈ സംവിധാനം നിയന്ത്രിക്കുന്ന യജമാനന്മാരുടെ നിർദ്ദേശങ്ങൾ നിങ്ങൾ അനുസരിക്കുന്ന രീതിയിൽ അതിനെ ക്രമീകരിക്കുവാൻ അവർക്കാകും. കോവിഡ് മഹാമാരിയുടെ കാലത്ത് സംഭവിച്ചത് പോലെ അധികാരത്തിൽ ഇരിക്കുന്നവർക്ക് ഒരു 'ആഗോള അടിയന്തരാവസ്ഥ' പ്രഖ്യാപിക്കാൻ കഴിയും. ലോകത്തെ ദുരന്തത്തിൽ നിന്ന് രക്ഷിക്കാൻ അപ്പോൾ അവർ നമ്മുടെ സ്വാതന്ത്ര്യം എടുത്തുകളയും. ഒടുവിൽ, ഈ പദ്ധതിയുടെ വക്താവ് പ്രത്യക്ഷപ്പെടുകയും വെളിപ്പാട് 13-ലെ 666 സംവിധാനം അയാൾ നടപ്പിലാക്കുകയും ചെയ്യും.

## തെറ്റായ മത വ്യവസ്ഥകൾ

ദൈവമാണ് ലോകത്തെ നിതന്ത്രിക്കുന്നത്, എല്ലാ മതങ്ങളും ദൈവത്തിലേക്കുള്ള മാർഗ്ഗങ്ങൾ ആണെന്നുള്ള വലിയ സഭകളുടെ പഠിപ്പിക്കൽ ബൈബിൾ അധിഷ്ഠിത ഉപദേശപ്രകാരം തെറ്റാണെന്ന് ഞങ്ങൾ വിലയിരുത്തുന്നു. യേശു പറഞ്ഞു, 'ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല' യോഹ. 14:6. പത്രൊസ് യേശുവിനെപ്പറ്റി പറഞ്ഞു, ***"മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശ***

***ത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല'*** (അപ്പൊ. 4:12). പൗലൊസ് എഴുതി: ***"ദൈവം ഒരുവനല്ലോ. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ: എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ'*** (1 തിമൊ. 2:5–6).

മർമ്മം മഹതിയാം ബാബിലോൻ എന്നറിയപ്പെടുന്ന ഒരു മത സംവിധാനത്തിന്റെ വരവിനെപ്പറ്റി ബൈബിൾ സംസാരിക്കുന്നു. 'ഭൂമിയിലെ രാജാക്കന്മാരുമായി' അതിന് സഖ്യമുണ്ടായിരിക്കും. അത് ക്രൈസ്തവ വിശ്വാസത്തിന്റെ ഒരു വ്യാജരൂപം സൃഷ്ടിക്കുകയും യേശു ക്രിസ്തുവിലുള്ള സത്യവിശ്വാസത്തെ അടിച്ചമർത്തുകയും ചെയ്യും (വെളി. 17:1–6). നവീകരണ വക്താക്കൾ റോമൻ കത്തോലിക്കാസഭയെ 'മർമ്മം മഹതിയാം ബാബിലോൻ' ആയി കണ്ടിരുന്നു. കത്തോലിക്കാ സഭ രാജാക്കന്മാരോടും ഭൂമിയിലെ അധികാര വർഗ്ഗത്തോടും ചേർന്നു. മാർപ്പാപ്പാമാർക്ക് യൂറോപ്പിലെ രാജാക്കന്മാരുടെമേൽ അധികാരം ഉണ്ടായിരുന്ന മധ്യകാലഘട്ടത്തിൽ ഇത് തീർച്ചയായും ചില ദോഷകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. ഇപ്പോൾ ഫ്രാൻസിസ് മാർപ്പാപ്പ എല്ലാ മതങ്ങളെയും വ്യാജ ഐക്യത്തിൽ ഒരുമിച്ചുകൊണ്ടുവരുവാൻ ശ്രമിക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ കീഴിൽ ഒരുമിക്കപ്പെട്ട ഒരു ലോകം കാണാൻ ആഗ്രഹിക്കുന്ന ആഗോള രാഷ്ട്രീയ ശക്തികൾ ഇതിന് അംഗീകാരം കൊടുക്കുന്നു. അതുപോലൊരു മത സംവിധാനം ക്രിസ്തീയ വിശ്വാസത്തിന്റെ യഥാർത്ഥ ഉപദേശവുമായി അനിവാര്യമായ സംഘർഷത്തിലാകുന്നു. അവർ യേശു ക്രിസ്തുവിൽ സത്യവിശ്വാസികളായ എല്ലാ വിശുദ്ധന്മാരെയും പീഡിപ്പിക്കുന്നു.

## യുദ്ധങ്ങളും യുദ്ധ ശ്രുതികളും

നാം ജീവിക്കുന്ന ഈ 2024 -ാം ആണ്ടിൽ ഇപ്പോൾ കാണുന്ന സൂചനകളനുസരിച്ച്, മൂന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ടെന്ന നമ്മുടെ ആശങ്കയെ അത് തീർത്തും യുക്തിസഹമാക്കുന്നു. ഒരർത്ഥത്തിൽ മൂന്നാം ലോക മഹായുദ്ധം ഇതിനകം യുക്രൈനിൽ ആരംഭിച്ചു കഴിഞ്ഞു. റഷ്യയ്ക്കെതിരായി പോരാടുന്ന യുക്രൈൻ എല്ലാ നാറ്റോ രാജ്യങ്ങളുടേയും നിഴലായി നിലകൊള്ളുന്നു. നാറ്റോ തങ്ങൾക്ക് വിതരണം ചെയ്ത ദീർഘദൂര മിസൈലുകൾ റഷ്യയുടെ ഉൾപ്രദേശങ്ങളിലെ ലക്ഷ്യങ്ങളിലേക്ക് തൊടുത്തുവിടാൻ യുക്രൈൻ ഇപ്പോൾ അനുവാദം ചോദിക്കുകയാണ്. ആണവ ആയുധങ്ങൾ ഉപയോഗിക്കാനുള്ള അപകട സാധ്യത ഇത് വർധിപ്പിക്കുന്നു. പുട്ടിന്റെ യുദ്ധ മാർഗ്ഗങ്ങളെ തടസ്സപ്പെടുത്തുക എന്നലക്ഷ്യത്തോടെ യുക്രൈൻ റഷ്യയിലെ എണ്ണപ്പാടങ്ങളും വിമാന താവളങ്ങളും ആയുധപ്പുരകളും ആക്രമിക്കുന്നു. നാറ്റോയുടെ ദീർഘദൂര മിസൈൽ റഷ്യയ്ക്കുള്ളിലെ ലക്ഷ്യങ്ങൾ ആക്രമിക്കുകയാണെങ്കിൽ അത് റഷ്യയ്ക്കെതിരായുള്ള യുദ്ധ പ്രഖ്യാപനമായി കണക്കാക്കുമെന്ന് പുട്ടിൻ പാശ്ചാത്യ ശക്തികൾക്ക് ഇപ്പോൾ വ്യക്തമായ സൂചന നൽകിക്കഴിഞ്ഞു. എന്തായിരിക്കും അവരുടെ പ്രതികരണമെന്ന് നമുക്ക് ഗ്രാഹ്യമില്ല. അത് സൈബർ അല്ലങ്കിൽ മിസൈൽ ആക്രമണമോ, അതല്ലെങ്കിൽ ഏറ്റവും മോശമായ സാഹചര്യത്തിൽ, ഒരു ആണവ ആക്രമണമോ ആയിരിക്കും.

'യിസ്രായേലിന്റെ പ്രത്യാശ' എന്ന ലേഖനത്തിൽ ഞങ്ങൾ എഴുതിയതുപോലെ പശ്ചിമേഷ്യയിലെ സാഹചര്യം ഇനിയും കൂടുതൽ മോശമാവും. യിസ്രായേലിനെ വെല്ലുവിളിക്കുന്ന രാജ്യങ്ങളുടെ സഖ്യവും, ഇറാൻ ഉൾപ്പെടെയുള്ള ആ പ്രദേശത്തെ അതിന്റെ നിഴൽ സംഘങ്ങളും അവരുടെ സ്വാധീനം വിപുലപ്പെടുത്തിക്കൊണ്ടിരിക്കുന്നു. യിസ്രായേലിനെ ആക്രമിക്കുമെന്ന് തുർക്കി പറഞ്ഞുകഴിഞ്ഞു. അതേസമയം

യുക്രൈൻ യുദ്ധത്തിൽ റഷ്യയെ സഹായിക്കാൻ ഇറാൻ അവർക്ക് ആയുധം നൽകുന്നു. റഷ്യ ഇതിനകം സിറിയയിൽ സൈനിക താവളങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. അവർക്ക് ഇറാനുമായി സഖ്യമുണ്ട്. യിസ്രായേലിന് എതിരെയുള്ള സഖ്യത്തിൽ റഷ്യയെക്കൂടി ഉൾപ്പെടുത്താൻ ഇറാൻ ആഗ്രഹിക്കുന്നു. ഗോഗ് മാഗോഗ് യുദ്ധത്തിൽ യിസ്രായേലിനെതിരെ വരുമെന്ന് പ്രവചിക്കപ്പെട്ട രാജ്യങ്ങളുടെ കൂട്ടത്തിലാണ് ഇവരെല്ലാം (യെഹെ 38, 39). ഇതിൽ ഉൾപ്പെട്ടിരിക്കുന്ന സഖ്യങ്ങളും, ആഗോള ഊർജ്ജ കയറ്റുമതിയുടെ ദുർബലമായ പ്രകൃതവും മൂലം, യിസ്രായേലും അതിന്റെ അയൽ രാജ്യങ്ങൾക്കും ഇടയിൽ വലിയ യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ ഒരു ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ അപകടം മുന്നിൽ കാണുന്നു.

കൊടിയ സംഘർഷങ്ങൾ ആഫ്രിക്കയെ നാശത്തിൽ എത്തിച്ചിരിക്കുന്നു. അതിൽ ഏറ്റവും ഭീകരമായത്, രണ്ടു വർഷമായി നടക്കുന്ന സുഡാനിലെ ആഭ്യന്തര യുദ്ധമാണ്. 15000-ൽ കൂടുതൽ ആളുകൾ യുദ്ധത്തിൽ കൊല്ലപ്പെട്ടു. എട്ടു ദശലക്ഷം ആളുകൾ ഭവനം ഉപേക്ഷിച്ച് പോയി. രണ്ടു ദശലക്ഷം ആളുകൾ, ചാഡ്, എത്യോപ്യ, ദക്ഷിണ സുഡാൻ തുടങ്ങിയ അയൽ രാജ്യങ്ങളിലേക്ക് പലായനം ചെയ്തു. ഈ രാജ്യങ്ങളും ദാരിദ്ര്യത്തിലും അസ്ഥിരതയിലുമാണ്. 25 ദശലക്ഷത്തിൽ അധികം ജനങ്ങൾക്ക് സഹായം ആവശ്യമുണ്ടെന്ന് ഐക്യരാഷ്ട്ര സംഘടന കണക്കുകൂട്ടുന്നു. മോശമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ സുരക്ഷാ പ്രശ്നം ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യ പ്രതിസന്ധിയ്ക്ക് കളമൊരുക്കുന്നു.

സോമാലിയയിൽ തുടങ്ങി നൈജീരിയ ഉൾപ്പടെ ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരം വരെ വ്യാപിച്ചു കിടക്കുന്ന സാഹൽ മേഖലയുടെ ഭൂരിഭാഗവും ഇസ്ലാമിക തീവ്രവാദികൾ നിയന്ത്രിക്കുന്നതുകൊണ്ട് ആ പ്രദേശങ്ങൾ സംഘർഷത്താൽ ഛിന്നഭിന്നമാകുന്നു. അൽഖയിദയുമായി ബന്ധമുള്ള തീവ്രവാദികൾ ബുർക്കിനോ ഫാസയിൽ 300 പേരെ കൂട്ടക്കൊല ചെയ്തു. രാജ്യത്തു നടന്ന ഏറ്റവും ഭീകരമായ തീവ്രവാദ ആക്രമണമാണിത്. ബുർക്കിനോ ഫാസയുടെ ഏകദേശം പകുതി പ്രദേശങ്ങളും സർക്കാർ നിയന്ത്രണത്തിന് പുറത്താണ്. തലസ്ഥാനത്തിന് ചുറ്റും നടന്നുകൊണ്ടിരിക്കുന്ന വലിയതോതിലുള്ള ജിഹാദി ആക്രമണങ്ങൾ രാജ്യത്തെ തകർത്തുകൊണ്ടിരിക്കുന്നു. അൽഖയിദയുമായും ഇസ്ലാമിക് സ്റ്റേറ്റുമായും ബന്ധമുള്ള ജിഹാദികൾ ആയിരക്കണക്കിന് പേരെ കൂട്ടക്കൊല ചെയ്യുകയും രണ്ടു ദശലക്ഷം പേരെ വീടുകളിൽ നിന്ന് കുടിയിറക്കുകയും ചെയ്തു. തലതെറിച്ച റഷ്യൻ കുടിപ്പടകൾ ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നതും സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുന്നു.

അന്ത്യനാളുകളിൽ വർദ്ധിച്ചുവരുന്ന യുദ്ധങ്ങളും കലാപങ്ങളും ഉണ്ടാകുമെന്ന് പ്രവചനങ്ങൾ ഉണ്ട്. അതേസമയം, എതിർക്രിസ്തു ആഗോള രംഗത്തിൽ അധികാരം ഏൽക്കുമ്പോൾ ഒരു താൽക്കാലിക സമാധാനം ഉണ്ടാകും. വെളിപ്പാട് 6.

## അവസാന വാക്ക്

യേശുവിന്റെ രണ്ടാം വരവിന്റെ തീയതി നമുക്കറിയാമോ? ഇല്ല. ആ ദിവസമോ അല്ലെങ്കിൽ നാഴികയോ ആർക്കും അറിയില്ലെന്ന് യേശു നമ്മോട് പറഞ്ഞു: ***'ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല'*** (മർക്കൊസ് 13:32).

രാത്രിയിൽ കള്ളൻ വരുന്നതുപോലെ താൻ വരുമെന്നും യേശു പറഞ്ഞു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പ്രതീക്ഷിക്കാത്ത സമയത്ത് അവിടുന്ന് വരും: ***'കള്ളൻ വരുന്നയാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ***

***വീടു തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്നു അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ'*** (മത്താ. 24: 33-34).

പൗലൊസ് അതിന് സമാനമായത് പറഞ്ഞു: ***'കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്നു നിങ്ങൾ തന്നേ നന്നായി അറിയുന്നുവല്ലോ'*** (1 തെസ്സ. 5:2).

ഈ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ, യേശു ക്രിസ്തുവിന്റെ മടങ്ങി വരവിന്റെ സമയത്തെപ്പറ്റി നമുക്ക് ഒന്നും അറിയില്ലെന്ന നിർണ്ണയത്തിൽ നിരവധി ക്രൈസ്തവർ എത്തിയിരിക്കുന്നു. അപ്രതീക്ഷിതമായി, രാത്രിയിൽ കള്ളൻ വരുന്നതുപോലെ കർത്താവ് വരുമെങ്കിൽ, അവിടുത്തെ വരവിനെപ്പറ്റി നമുക്ക് എങ്ങനെ അറിയാൻ കഴിയും? അത് ഈ കാലഘട്ടത്തിൽ ആയിരിക്കുമോ? അതോ അത് സംഭവിക്കാൻ 1000 വർഷം എടുക്കുമോ?

നാം ഉണർന്ന് സുബോധമായിരുന്നുകൊണ്ട്, മദ്യപിക്കുന്നവരായിട്ടല്ല, പകരം സുബോധമായിരുന്നുകൊണ്ട് അതിനുവേണ്ടി കാത്തിരിക്കണം. ഉറങ്ങിക്കൊണ്ടിരിക്കുന്ന, മദ്യപിച്ചിരിക്കുന്ന രണ്ടു സാഹചര്യത്തിലും തങ്ങളുടെ ചുറ്റും എന്താണ് സംഭവിക്കുന്നതെന്ന് ആളുകൾക്ക് പൂർണ്ണമായും അറിയാൻ കഴിയില്ല. അന്ത്യകാല രംഗത്തിൽ, അവിശ്വാസികൾ (സത്യോപദേശം സ്വീകരിക്കാത്ത ക്രൈസ്തവരും) തങ്ങളുടെ ചുറ്റും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരല്ല. ഇതൊക്കെ സംഭവിക്കുമ്പോൾ അവർ ആശ്ചര്യപ്പെടും.

സത്യവിശ്വാസികൾ കർത്താവിന്റെ വരവ് പ്രതീക്ഷിച്ച് ഇരിക്കും. കാരണം, അവർ കർത്താവിന്റെ മടങ്ങിവരവിന്റെ അടയാളങ്ങൾ വീക്ഷിക്കും. ശിഷ്യന്മാരുടെ ചോദ്യത്തിന് ഉത്തരം നൽകിയപ്പോൾ ഈ അടയാളങ്ങളെപ്പറ്റി അവൻ അവർക്ക് വിവരങ്ങൾ നൽകി. ***'അതു എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിനും ലോകാവസാനത്തിനു അടയാളം എന്തു,'*** എന്നും (മത്താ. 24:3). താൻ ഉത്തരം നൽകിയ ഈ ചോദ്യത്തെ യേശു വിഡ്ഢിത്തമായി തള്ളിക്കളയാതിരുന്ന വസ്തുത അർത്ഥമാക്കുന്നത് തന്റെ അനുയായികൾ ഈ കാര്യങ്ങളെപ്പറ്റി അജ്ഞരായിരിക്കാൻ പാടില്ലെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുവെന്നാണ്. ഈ വിഷയത്തെപ്പറ്റി ഞങ്ങൾ ലഘുലേഖയും ചെറിയ പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്, മശിഹായുടെ മടങ്ങിവരവിന്റെ പത്ത് അടയാളങ്ങൾ:

1. യുദ്ധവും ക്ഷാമവും മഹാവ്യാധികളും ഭൂകമ്പവും വർദ്ധിക്കും. ഭൂമിയിൽ വലിയ കഷ്ടത്തിന്റെ സമയം ആഗതമാകും. ലൂക്കൊ. 21:10-11.

2. നോഹയുടെ കാലം പോലെ ഭൂമിയിൽ അതിക്രമം പെരുകും. എന്തു സംഭവിക്കാൻ പോകുന്നു എന്നോർത്ത് ആളുകൾ ഭയപ്പെടും. ലൂക്കൊ. 17: 26-27, ലൂക്കൊ. 21:25-26, ഉല്പ. 6:11.

3. ലോത്തിന്റെ കാലത്തു സംഭവിച്ചതുപോലെ വലിയ ലൈംഗിക അധാർമ്മികത നടമാടും (സോദോം ഗോമേറ). (ലൂക്കൊ. 17:28-37, മത്താ. 24:12, റോമ. 1 :24-27, 2 തിമൊ. 3:1-9).

4. വലിയ രീതിയിൽ മലിനീകരണവും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകും (യെശ. 24, വെളി. 8:6-11).

5. യെഹൂദ ദേശമായി യിസ്രായേലിനെ പുനഃസ്ഥാപിക്കും. യെരൂശലേമിന്റെ പേരിൽ വലിയ സംഘർഷം ഉണ്ടാകും. ലോകത്തിലെ എല്ലാ രാജ്യങ്ങളും അതിൽ ഉൾപ്പെടും (യെഹെ 36-39, സെഖ. 12-14, ലൂക്കൊ. 21:20-24, വെളി. 16:16).

6. ആഗോളവൽക്കരണത്തിന്റെ പ്രക്രിയ നടക്കും. അതിൽ നിന്ന് എതിർ ക്രിസ്തുവിന്റെ ആഗോള ഭരണകൂടം ഉയർന്നുവരും (വെളി. 13).

7. സാങ്കേതിക വിദ്യയും യാത്രകളും

വലിയ തോതിൽ വർദ്ധിക്കും (ദാനി. 12:4).

8. ജനങ്ങളെ വഴിതെറ്റിക്കുന്ന കള്ള പ്രവാചകന്മാർ എഴുന്നേറ്റുവരും. അവർ ദൈവത്തെപ്പറ്റിയും രക്ഷയെപ്പറ്റിയും ആശയക്കുഴപ്പം സൃഷ്ടിക്കും. മത്താ. 24:5, 24:23–27, വെളി. 17:1–6.

9. ബൈബിളിന്റെ അടിസ്ഥാന സത്യങ്ങൾ ആക്രമിക്കപ്പെടും. സുവിശേഷം പ്രസംഗിക്കുന്നവർക്ക് നേരെയുള്ള എതിർപ്പ് വർദ്ധിക്കും. മത്താ. 24:10–11, 2 തിമൊ. 4: 2–5, 2 പത്രൊ. 2, 1 യോഹ. 2:18–23.

10. എതിർപ്പിനും പീഡനത്തിനും ഇടയിൽ സുവിശേഷത്തിന്റെ സന്ദേശം എല്ലാ രാജ്യങ്ങളിലും എത്തും. മത്താ. 24:9–14, മത്താ. 28:18–20.

വിശ്വസിക്കുന്ന ക്രൈസ്തവർ സുബോധമുള്ളവരായി യേശുവിന്റെ മടങ്ങിവരവിന്റെ അടയാളങ്ങൾ അറിഞ്ഞുകൊണ്ട് അതൊക്കെ ഇപ്പോൾ സംഭവിക്കുന്നുവെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവിടുത്തെ മടങ്ങിവരവിനുവേണ്ടി കാത്തിരിക്കണം. അവയൊക്കെ കാണുമ്പോൾ, താൻ സമീപേ വാതിൽക്കൽ ആണെന്ന് യേശു പറഞ്ഞു: ***'അങ്ങനെ നിങ്ങൾ ഇതു ഒക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ'*** (മത്താ. 24:33). ആ അടയാളങ്ങൾ നാം ഇപ്പോൾ കാണുന്നു.

1 തെസ്സലൊനീക്യർ നാലാം അധ്യായം പ്രകാരം യേശു ആദ്യം വരുന്നത് തന്റെ വിശ്വാസികളെ ഈ ലോകത്തിൽ നിന്ന് തന്നിലേക്ക് ചേർക്കാനാണ്. ആ സംഭവത്തെ സഭയുടെ ഉൽപ്രാപണം എന്നു പറയുന്നു. ***'കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും'*** (1 തെസ്സ. 4:16–17).

ഈ സംഭവത്തിന്റെ കൃത്യമായ സമയം പൂർണ്ണമായും കർത്താവിന്റെ കരങ്ങളിലാണ്. മഹോപദ്രവ പൂർവ്വവാദ വീക്ഷണമനുസരിച്ചുള്ള പ്രവചനം പിൻതുടരുന്നവരെ സംബന്ധിച്ച് അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം. അതുകൊണ്ട് കർത്താവിനെ വരവേൽക്കാൻ നാം എപ്പോഴും ഒരുങ്ങിയിരിക്കണം. നമ്മുടെ മരണസമയത്തിനായും നാം ഒരുങ്ങിയിരിക്കണം. അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം. മഹോപദ്രവശേഷവാദ വീക്ഷണമുള്ളവരെ സംബന്ധിച്ച് ഈ സംഭവം ഭൂമിയിൽ ഏഴു വർഷം നീളുന്ന മഹോപദ്രവത്തിനു ശേഷമാണ് സംഭവിക്കുക, യേശുവിന്റെ ഈ വാക്കുകൾ നിവർത്തിയായതിനു ശേഷം അതു സംഭവിക്കും. ***'ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനി മേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും'*** (മത്താ. 24:21–22).


ഈ വീക്ഷണം അനുസരിച്ച് ഏതു സമയത്തും യേശുവിന് വരാൻ കഴിയില്ല. ഏഴു വർഷം നീണ്ടുനിൽക്കുന്ന ഏറ്റവും ഭീകരമായ കഷ്ടം നാം അനുഭവിച്ചതിനുശേഷം മാത്രമേ അത് സംഭവിക്കൂ. ദൈവത്തിന്റെ ക്രോധം ഭൂമിയിലേക്ക് ചൊരിയുന്ന ഈ സംഭവങ്ങളെപ്പറ്റി വെളിപ്പാട് 6–19 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ 1 തെസ്സ. 5:9–10 നമ്മോട് പറയുന്നു, ***"ദൈവം നമ്മെ കോപത്തിന്നല്ല, നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ***

***യേശു ക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നതു.'***

ഫിലദെൽഫ്യയിലെ വിശ്വസ്തരായ സഭയോട് യേശു പറയുന്നു: ***'സഹിഷ്ണതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിനു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും. ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക'*** (വെളി. 3:10-11).

സത്യസഭയെ ഈ കൊടിയ കഷ്ടത്തിന്റെ സമയത്തിനു മുൻപ് ഭൂമിയിൽ നിന്ന് എടുക്കുമെന്ന് വിശ്വസിക്കുന്നത് ഈ വേദഭാഗങ്ങളുടെ അഭിപ്രായത്തിൽ യുക്തിരാഹിത്യമല്ല. അഥവാ അങ്ങനെ സംഭവിച്ചില്ലെങ്കിൽ, കഷ്ടത്തിന്റെ ഒരു സമയത്തിനുവേണ്ടി നാം തയ്യാറായി ഇരിക്കുക. അപ്പോൾ നമ്മിൽ പലരുടെയും ജീവൻ നഷ്ടപ്പെടാം. നമ്മുടെ ജീവൻ നമുക്ക് നഷ്ടപ്പെട്ടാൽ, നാം ഭയപ്പെടേണ്ട കാര്യമില്ല. കാരണം, കർത്താവിനോടൊത്ത് നിത്യമായി വസിക്കാൻ നാം അവങ്കലേക്ക് പോകും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിക്കുകയും (1 തെസ്സ. 4:18) കർത്താവിന്റെ വരവിനുവേണ്ടി നോക്കിപ്പാർക്കുകയും ചെയ്യുക:

***'സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടു മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിനു അതു നമ്മെ ശിക്ഷിച്ചുവളർത്തുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു'*** (തീത്തൊ. 2:11-14).*




## ആവശ്യപ്പെടാം

- രക്ഷാനിർണ്ണയത്തിലേക്കു നയിക്കുന്ന ലഘുലേഖകൾ 16 ഭാഷകളിൽ.
- ബൈബിൾ പ്രവചനങ്ങളെ വിശദീകരിക്കുന്ന പുസ്തകങ്ങൾ മലയാളം, തമിഴ്, ഹിന്ദി, തെലുങ്ക്, ബംഗാളി ഭാഷകളിൽ.
- കുട്ടികളുടെയിടയിലെ ശുശ്രൂഷകൾക്ക് ആവശ്യമായ പ്രസിദ്ധീകരണങ്ങൾ.
- രോഗികൾക്കും, ആശുപത്രി സന്ദർശനത്തിനും സഹായകരമായ ലഘുലേഖകൾ.

**പ്രത്യാശാദീപം**
**മേഴ്സിഹോം, ചേപ്പാട് പി.ഒ.,**
**ആലപ്പുഴ ജില്ല - 690 507**
**ഫോൺ: 0479-2412459 /9207976381**
hopemsn@hopemsn.org

# ഉപസംഹാരം



ഞങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായെക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്. അപ്രകാരം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

"പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാനൊരു പാപിയാണ് എന്നും എനിക്ക് അങ്ങയുടെ പാപ ക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. എനിക്കുവേണ്ടി യേശുമശിഹാ മരിച്ചുവെന്നും എന്റെ പാപമോചനത്തിനായി രക്തം ചിന്തിയെന്നും, ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാനിപ്പോൾ എന്റെ പാപവഴികളെ ഉപേക്ഷിച്ച്, യേശുമശിഹയെ എന്റെ സ്വന്തരക്ഷിതാവും ദൈവവുമായി അംഗീകരിക്കുന്നു. എന്റെ ജീവിതത്തിലേക്കു അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നും ഞാനപേക്ഷിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തിയായി ജീവിപ്പാൻ എന്നെ സഹായിക്കേണമേ.

പിതാവേ എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു.

യേശുവിന്റെ നാമത്തിൽ, ആമേൻ."

കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507

ഫോൺ: 0479–2412459 / 2412359 / 2414459 / 9447976381

E-mail : hopemsn@hopemsn.org

സ്വകാര്യ വിതരണത്തിന് മാത്രം.